
# ബൈബിൾ സ്റ്റാൻഡാർഡ്

BIBLE STANDARD (Malayalam)
BI-MONTHLY

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ; അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 937**

ഉൾപേജുകളിൽ.... പേജ്

യഥാസ്ഥാപനം: നാശാവസ്ഥയിൽ നിന്നുള്ള യഥാസ്ഥാപനം ............ 2
ന്യായവിധി ദിവസം, സമാധാനം, അതെങ്ങനെ കൈവരും? ............ 6
ലോകമഹായുദ്ധം മൂന്നാം ഘട്ടമോ? ............ 11
ബൈബിൾ സംഭാഷണങ്ങൾ ............ 20
അറിയിപ്പുകൾ ............ 24

VOL - XVI, ISSUE 4 JULY - AUGUST 2023

# യഥാസ്ഥാപനം: നാശാവസ്ഥയിൽ നിന്നുള്ള യഥാസ്ഥാപനം

## RESTITUTION: FROM DESTRUCTION TO RESTORATION

**"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" – ലൂക്കൊസ് 19:10**

ചരിത്രത്തിലുടനീളം, തങ്ങളുടെ അധികാരത്തെ ഇല്ലാതാക്കുവാൻ തങ്ങളുടെ രാജ്യത്ത് അട്ടിമറികൾ നടത്തുന്ന ഭീകരരെ രാഷ്ട്ര ഭരണാധികാരികൾ ഭയപ്പെടുകയും അവരെ വേരോടെ പുഴുതെറിയുവാൻ പല മാർഗ്ഗങ്ങളും അവലംബിക്കുകയും ചെയ്തിട്ടുണ്ട്. 1946 മുതൽ 1991 വരെയുള്ള തെക്കു കിഴക്കൻ ഏഷ്യയിലെ ഫ്രഞ്ച് അമേരിക്കൻ യുദ്ധത്തിൽ വിയറ്റ്നാം പടയാളികൾ, 1959 മുതൽ 2011 വരെ സ്പെയിനിലുണ്ടായ ബാസ്ക് വിഘടനവാദികളുടെ ആക്രമണം അല്ലെങ്കിൽ വടക്കേ അയർലണ്ടിലുണ്ടായ ഐറിഷ് റിപ്പബ്ലിക്കൻ ആർമിയുടെ (കമ്മ്യൂണിസ്റ്റു പ്രസ്ഥാനം) രക്തരൂക്ഷിത ആക്രമണം മുതലായവയിൽ ഏതായാലും അവ സംഘർഷത്തിന്റെ പല മുഖങ്ങളിൽ ഓരോന്നു മാത്രമാണ്. ഇവ എല്ലാം വിവിധ സാമൂഹിക – സാമ്പത്തിക മണ്ഡലങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണെങ്കിലും നിലവിലെ വ്യവസ്ഥിതിയെ തകർത്ത് പരാജയപ്പെടുത്തുക എന്ന ഒരേ ഒരു ഉദ്ദേശ്യമേ അതിനൊക്കെയുള്ളു. ഇത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു! ഇപ്രകാരമുള്ള ശ്രമങ്ങളെല്ലാം അവിശുദ്ധമായ പ്രേരണകളിൽ നിന്നും ഉത്ഭവിക്കുന്നതാണ്. എന്നാൽ ആക്രമിക്കുന്നവർക്കു അതു ശരിയെന്നു തോന്നും. ഒരു വിഭാഗത്തിനു മറ്റൊരു വിഭാഗത്തിനെതിരായുള്ള മുൻവിധിയുടെ തീവ്രത അസാധാരണവും പലപ്പോഴും യുക്തിബോധത്തിന് അതീതവുമാണ്. പൗരന്മാർ ഈ പ്രതികാര നടപടികൾക്ക് – മറ്റൊരു പേരിൽ പറഞ്ഞാൽ യുദ്ധത്തിന് – കൂടുതലായി ഇരയാകുന്നു. തൽഫലമായി ജനസമൂഹം രോക്ഷാകുലരാവുകയും തങ്ങളുടെ കാര്യപരിപാടികൾ രൂപപ്പെടുത്തുവാൻ പര്യാപ്തമായ പേരുകളുള്ള ഗ്രൂപ്പുകൾ നിർമ്മിക്കുന്നത് തുടരുകയും ചെയ്യുന്നു.

സംയോജിതവും ബഹുസാംസ്കാരികവുമായ കാര്യങ്ങൾക്കും അതുപോലെ പ്രായപൂർത്തിയാകാത്തവർക്കുള്ള സൗജന്യ ഗർഭഛിദ്രം ഉൾപ്പെടെയുള്ള സമഗ്ര ക്ഷേമ പരിപാടികൾ എന്നിവയ്ക്കുമുള്ള പഠനകേന്ദ്രങ്ങളാക്കുന്നതിൽ നിന്നും സ്കൂളുകളെ മാറ്റുക എന്ന പ്രകടനപത്രികാ ആദർശവാദം ലോകമെമ്പാടും സംപ്രേക്ഷണം ചെയ്യുക എന്നതിനോടോ അതിനെതിരായിട്ടോ നിൽക്കുക എന്നത് ഞങ്ങളുടെ ലക്ഷ്യമല്ല. എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം, ഭിന്നലിംഗരും ഭിന്നശേഷിക്കാരുമായ വിദ്യാർത്ഥികൾക്കു പ്രത്യേക കരുതൽ, അവശ്യ സേവനങ്ങൾ, സൗജന്യ ആരോഗ്യ സേവനങ്ങൾ (ലിംഗമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെ), മുതലായവ അംഗീകരിക്കുന്നതിനും, വിദ്യാർത്ഥികളുടെ ഉപകരണങ്ങളിലും പ്രബുദ്ധതയിലും ശ്രദ്ധ പതിപ്പിക്കുന്നതിനുമുള്ള ഒരു പാഠ്യപദ്ധതി, കായിക പ്രവർത്തനം, ഉല്ലാസം, കുട്ടികളെ പകൽ സൂക്ഷിക്കുക (സൗജന്യമായി), അനാവശ്യ അന്വേഷണങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം, തടവ്, അറസ്റ്റ് എന്നിവയിൽ നിന്നുമുള്ള സ്വാതന്ത്ര്യം മുതലായവ ഉൾപ്പെടെ ഒന്നിച്ചുൾക്കൊള്ളുന്ന കാര്യങ്ങൾക്കായും പലരും വിളിക്കുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദുരുപയോഗം ശാരീരികവും ലൈംഗികവുമായി കുറ്റവാളികളാകുന്നതിലേക്കു നയിക്കുകയും ഇതേ തുടർന്നു മറ്റനേകം കുറ്റകൃത്യങ്ങളിലേക്കും വീഴാൻ ഇടവരുത്തുകയും ചെയ്യും! പോലീസിനു പണം നൽകിക്കൊണ്ടു കുറ്റവാളികളെ ചെറിയ ജാമ്യത്തിലോ ജാമ്യമില്ലാതെയോ വിട്ടയയ്ക്കുന്നതിനുള്ള ശക്തമായ നീക്കം അമേരിക്കയിൽ നടക്കുന്നു.

വിദ്വേഷം, കലഹം, ജാഗ്രതയില്ലാത്തവർക്കെതിരായ ഒളിയാക്രമണം എന്നിവ പെട്ടെന്നുണ്ടാകുന്നതിനുള്ള കാരണങ്ങൾ സാധാരണമായി പ്രാദേശികമോ ദേശീയമോ ആയ ഒരു രാഷ്ട്രീയ സാഹചര്യത്തിലാണെന്ന് കാണാമെങ്കിലും അതിന്റെ വേരുകൾ മനുഷ്യവർഗ്ഗത്തിന്റെ മനസ്സിലേക്കു ആഴ്ന്നിറങ്ങി ചെല്ലുന്നു. ആദാമും ഹവ്വയും ഏദനിൽ അനുഭവിച്ച മനഃസമാധാനത്തെയും ആത്മവിശ്വാസമുള്ള കൂട്ടായ്മയെയും ഏദനിലെ വീഴ്ച നഷ്ടപ്പെടുത്തി. ഇവിടെയാണ് ഇന്നത്തെ സംഘർഷത്തിന്റെ വിത്തുകൾ വിതയ്ക്കപ്പെട്ടത്. ഈ ദുഷിച്ച പ്രവണതയുടെ ആദ്യഫലം കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊല ചെയ്തതിൽ കാണുവാൻ സാധിക്കും. ശത്രുവിന്റെ പ്രേരണയാൽ മനുഷ്യൻ യോദ്ധാവായിത്തീർന്നു, അത് അവനിൽ കലഹത്തിലേക്കും വിയോജിപ്പിലേക്കും എത്തിച്ചേരുവാനുള്ള പ്രവണത ഉളവാക്കി. ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെട്ടതുകൊണ്ട് മനുഷ്യരാശി അടിസ്ഥാനപരമായി അസ്വസ്ഥരായിത്തീർന്നു. ഈ

പൊരുത്തക്കേടാണ് ചരിത്രത്തിലിന്നോളം സംഘർഷങ്ങളുടെ അടിസ്ഥാന കാരണം.

**പിശാച് വഞ്ചനയുടെ തലവനാണ് – വഞ്ചിക്കപ്പെടരുത്!**



"അവൻ ആദി മുതൽ കൊലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നിൽക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു" യോഹന്നാൻ **8:44**

സാത്താനാണ് ഭീകരവാദത്തിന്റെ ആദ്യരൂപം. അവന്റെ ഏറ്റവും നികൃഷ്ടമായ കുറ്റകൃത്യം മനുഷ്യവർഗ്ഗത്തെ മനഃപൂർവ്വം കൊലപ്പെടുത്തിയതാണ് (യോഹ. 8:44). ആദ്യ ദമ്പതികളായ ആദാമിനെയും ഹവ്വയേയും അവരുടെ അജ്ഞതയിലൂടെയും തിന്മയുടെ അനുഭവ പരിജ്ഞാനമില്ലായ്മയിലൂടെയും ശിക്ഷാവിധിയിൻ കീഴാക്കി അവരെയും അവരുടെ സന്തതി പരമ്പരകളെയും പാപഫലങ്ങളാൽ സങ്കീർണ്ണവും, അതിന്റെ അധഃപതിച്ച സ്വാധീനത്തിൽ പെരുകിവരുന്നതുമായ ഒരു മരണഗതിക്കു വിധേയരാക്കി.

സാത്താന്യ ഭീകരതയുടെ അളവ് മനസ്സിലാക്കാൻ കഴിയാത്ത വിധം അത്ര ഭയങ്കരമാണ്. ആയിരമായിരം ദശലക്ഷങ്ങൾ വേദനിക്കുകയും മരിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. മാനസികമായും സാന്മാർഗ്ഗികമായും ശാരീരികമായും അധഃപതിപ്പിച്ച്, ഒരു ഗ്രഹത്തിൽ അലഞ്ഞുഴലുന്നവരാക്കി, സാത്താൻ തന്റെ ഇരകളെ അജ്ഞരാക്കി, ജീവന്റെ ദൈവിക സ്രോതസ്സിൽ നിന്നും വിച്ഛേദിച്ചു കളയുന്നു. പിശാചിനെ തിരുവെഴുത്തുകളിൽ എതിരാളി എന്ന് പ്രതിപാദിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല! സകല മാന്യതയ്ക്കും സദ്ഗുണങ്ങൾക്കും വിരുദ്ധനും, ഇകളുടെ വേദനയും നിലവിളിയും അവഗണിക്കുന്നവനുമായ അവൻ ക്രൂരതയിൽ ആനന്ദം കണ്ടെത്തുന്ന പീഡകനാണ്. "അത്യുന്നതനോടു സമനാകുവാനുള്ള" അവന്റെ അവിശുദ്ധ ആഗ്രഹം മൂലം, ഒരിക്കൽ മഹത്വത്തിലായിരുന്ന ലൂസിഫർ സ്വർഗ്ഗത്തിലെ അവന് അവകാശപ്പെട്ട മഹനീയ സ്ഥാനം, ഭൂമിയുടെ മേൽ ഒരു സ്വയംഭരണ ദുർവാഴ്ചയായി മാറ്റിക്കളഞ്ഞു. ജലപ്രളയ കാലത്ത് വീഴ്ചഭവിച്ച ദൂതന്മാരുടെ ഒരു സൈന്യത്തെ അവൻ തന്റെ ഭാഗത്തു കൂട്ടി. അവൻ തന്റെ നിർദ്ദേശത്താൽ തന്റെ ആധിപത്യം വിപുലീകരിച്ചതിനെ അപ്പൊസ്തലനായ പൗലൊസ് "ഇപ്പോഴത്തെ ദുഷ്ടലോകം" എന്നു വിശേഷിപ്പിച്ചിരിക്കുന്നു (ഗലാ. 1:3,4; യോഹ. 12:31 താരതമ്യം ചെയ്യുക).

**വിശ്വാസികളെന്നു നടിക്കുന്ന വ്യാജോപദേഷ്ടാക്കന്മാരെ സൂക്ഷിക്കുക**

2 കൊരിന്ത്യർ 11:13-15 (NIV)

"ഇങ്ങനെയുള്ളവർ കള്ള അപ്പൊസ്തലന്മാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രെ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും".



ഹവ്വയോടുള്ള സാത്താന്റെ ആദ്യ നുണ "നിങ്ങൾ മരിക്കയില്ല നിശ്ചയം". ഉല്പത്തി 3:4

ദൈവീക തത്വങ്ങളും അതിന്റെ വഴികളും അനുസരിച്ചുള്ള മനുഷ്യരാശിയുടെ കൂട്ടായതോ വ്യക്തിഗതമായതോ ആയ പുരോഗമനത്തെ സാത്താൻ അവമതിക്കുകയും, എല്ലാവിധ മാർഗ്ഗവും ഉപയോഗിച്ച് പരാജയപ്പെടുത്തുകയും ചെയ്യുന്നു. പാപം ചെയ്യാനുള്ള പ്രേരണ, വ്യക്തിഹത്യ, അഴിമതി, ആത്മിക വെളിച്ചം പകരുന്ന ഏതൊരു ജ്ഞാനത്തെയും നിരാകരിക്കുക എന്നിവയൊക്കെയാണ് അവന്റെ ആക്രമണ രീതികൾ. ഇയ്യോബിന്റെ ജീവിതത്തിൽ സംഭവിച്ചതുപോലെ അവൻ ശരീരത്തെയും പരിസ്ഥിതിയെയും നശിപ്പിക്കുന്ന പ്രവർത്തികളിൽ ഏർപ്പെടും (ഇയ്യോ. 1:6-22). വെളിച്ചത്തിന്റെ ദൂതന്മാരെപ്പോലെ വേഷം മാറി സൂത്രത്തിൽ വശത്താക്കി സാത്താനും അവന്റെ സൈന്യങ്ങളും മാനവരാശിയെ സകലവിധ പാപ പ്രേരണയാലും ദുർമ്മാർഗ്ഗത്താലും പതിയിരുന്നു ആക്രമിക്കുകയും ദൈവിക സത്യങ്ങളുടെ വിശാല പ്രവർത്തന മണ്ഡലത്തെ വളച്ചൊടിച്ച് തെറ്റിദ്ധരിപ്പിച്ച് പകരം വ്യാജ ഉപദേശങ്ങൾ ആ സ്ഥാ

കാരുണ്യവാനായ യഹോവ ദയ നല്കുന്നു. അതെ, അവൻ മാനവരാശിയെ വളരെ സ്നേഹിച്ചു, അവർ ദൈവത്തോടു ശത്രുതയിലായിരിക്കെ ദൈവം തന്റെ ഹൃദയനിധിയായ ഏകജാതനെ എല്ലാവർക്കുമായി മരിക്കേണ്ടതിനു നൽകി (യോഹ. 3:16, റോമ. 5:8-10). ഈ ബലിയുടെ ഉറപ്പിലൂടെ സകല രാഷ്ട്രങ്ങളിലേയും സകല മനുഷ്യരാശിക്കും, ഈ ലോകത്തിൽ മാത്രമല്ല വരുവാൻ പോകുന്ന ലോകത്തിലെ ഭൗമിക രാജ്യത്തും, നിത്യജീവൻ നേടുന്നതിനു പൂർണ്ണവും നീതിപൂർവ്വവുമായ അവസരം ഉറപ്പു നൽകുന്നു. അവിശ്വാസികളായി മരിക്കുന്നവർ, നരകയാതനയിൽ ദണ്ഡിക്കപ്പെടുകയില്ല. മറിച്ച്, തിരുവെഴുത്തുകളിൽ മനോഹരമായി വിശദീകരിച്ചിരിക്കുന്ന പ്രകാരം ഇപ്പോൾ മരണനിദ്രയിലാകുന്നു (സഭാ. 9:5). പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന ഹേഡിസ് (hades) എന്ന പദത്തിന്റെ ശരിയായ അർത്ഥം ഈ മരണാവസ്ഥയാണ് (പഴയ നിയമത്തിലെ ഷിയോൾ sheol).

യെശ. 25:6-8 ൽ (NIV) വായിക്കുന്ന പർവ്വതത്തിന്റെ ചിത്രത്തിൽ വരാൻ പോകുന്ന ദൈവത്തിന്റെ രാജ്യത്തെ ചിത്രീകരിച്ചുകൊണ്ടു സർവ്വശക്തൻ അർത്ഥമാക്കുന്നു "സൈന്യങ്ങളുടെ യഹോവ ഈ പർവ്വതത്തിൽ സകല ജാതികൾക്കും മൃഷ്ട ഭോജനങ്ങൾക്കൊണ്ടും മട്ടൂറിയ വീഞ്ഞുകൊണ്ടും ഒരു വിരുന്നു കഴിക്കും; മേദസ്സു നിറഞ്ഞ മൃഷ്ടഭോജനങ്ങൾക്കൊണ്ടും മട്ടു നീക്കി തെളിച്ചെടുത്ത വീഞ്ഞുകൊണ്ടുമുള്ള വിരുന്നു തന്നെ. സകല വംശങ്ങൾക്കും ഉള്ള മൂടുപടവും സകല ജാതികളുടെയും മേൽ കിടക്കുന്ന മറവും അവൻ ഈ പർവ്വതത്തിൽ വച്ചു നശിപ്പിച്ചു കളയും, അവൻ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും, യഹോവയായ കർത്താവു സകല മുഖങ്ങളിൽ നിന്നും കണ്ണുനീർ തുടയ്ക്കുകയും തന്റെ ജനത്തിന്റെ നിന്ദ സകല ഭൂമിയിലും നിന്നു നീക്കികളയുകയും ചെയ്യും. യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്."

"യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്" എന്ന ശൈലി നമ്മുടെ ഉറപ്പിനു വേണ്ടി രേഖപ്പെടുത്തിയിരിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ക്രമീകരണങ്ങളും ഉദ്ദേശ്യങ്ങളും അപഹരിക്കുവാനോ നശിപ്പിക്കുവാനോ സാധിക്കുകയില്ല. തന്റെ ഇഷ്ടം നടക്കുമെന്ന് അവൻ തന്റെ സ്വന്ത സമ്പൂർണ്ണതയാൽ ആണയിട്ടിരിക്കുന്നു. നമുക്കു ചുറ്റും പ്രകടമായ അരാജകത്വവും നിരാശയുടെ പ്രതീതിയും ഉളവാക്കുമെങ്കിലും, താൻ ഉദ്ദേശിച്ച കാര്യങ്ങൾ നിറവേറ്റുന്നത്തു ചേർക്കുകയും ചെയ്യുന്നു. തിന്മ ചെയ്യാനും അതു നല്ലതെന്നു അവകാശപ്പെടാനും അവൻ മനുഷ്യരുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നു (2 കൊരി. 11:4). ഒരുപക്ഷെ അവന്റെ അതിനിന്ദ്യമായ തെറ്റുകൾ മരണാനന്തരമുള്ള മനുഷ്യന്റെ വിധിയെ സംബന്ധിച്ചുള്ളതായിരിക്കാം.

അപ്പൊ. 3:20,21 ൽ ഇപ്രകാരം നാം വായിക്കുന്നു "നിങ്ങൾക്കു മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയയ്ക്കുകയും ചെയ്യും. ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തത് ഒക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു" (NIV). ഈ വേദഭാഗം ഇപ്പോഴത്തെ അവസ്ഥ മനസിലാക്കുന്നതിനുള്ള താക്കോൽ നല്കുന്നു. ആദാമ്യ ശാപം മനുഷ്യകുടുംബത്തെ ആയിരക്കണക്കിനു വർഷത്തേക്കു ഭയപ്പെടുത്തിക്കൊണ്ട് അവരുടെ പ്രതീക്ഷകളെയും സ്വപ്നങ്ങളെയും പാഴാക്കി, സമൂഹത്തിന്റെ ചട്ടക്കൂടും, വ്യക്തിപരവും കൂട്ടായതുമായ പദ്ധതികളെയും തകിടം മറിച്ചു. ഈ ഭയാനകമായ സാഹചര്യങ്ങളിൽ അനേകർക്കും ദൈവത്തെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട് എന്നുള്ളതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ദൈവം മുന്നമെ തന്നെ ഒരു പുനർനിർമ്മാണ പദ്ധതി രൂപകല്പന ചെയ്തിരുന്നു. അതിന്റെ രൂപരേഖയുടെ ഭാഗമാണ് ഈ തിരുവെഴുത്തിൽ കാണുന്നത്.

"യഥാസ്ഥാനത്താക്കുക" എന്ന വാക്കിൽ അർത്ഥത്തിന്റെ ഒരു ലോകം തന്നെയുണ്ട്. ഏദൻ പറുദീസയിൽ നഷ്ടപ്പെട്ട സകലത്തിന്റെയും യഥാസ്ഥാപനം അത് വാഗ്ദത്തം ചെയ്യുന്നു – വഴി തെറ്റിയ ഒരു ലോകത്തിൽ നിന്നും ദൈവം തടഞ്ഞു വച്ച, ഏദനിൽ ഉണ്ടായിരുന്നതും എന്നാൽ ഈ ലോകത്തിനു നിഷേധിച്ചതുമായ കാര്യങ്ങൾ. മനുഷ്യന്റെ വീഴ്ചയോടെ ആധിപത്യത്തിനു ദൈവം അനുവദിച്ച ഈ സുദീർഘമായ പാപരാത്രിയിൽ വർഗ്ഗം പ്രവേശിച്ചു. തിന്മയ്ക്കുള്ള അനുവാദം ഒരിക്കലും കല്പിച്ചു നൽകിയതല്ല, അതിനാൽ ഒരിക്കലും മനുഷ്യവർഗ്ഗത്തെ നശിപ്പിക്കുന്നതിനു അനുവദിക്കുകയുമില്ല. മറിച്ച്, ദുർഗുണത്തിനു മേലുള്ള സദ്ഗുണത്തിന്റെയും മരണത്തിനു മേലുള്ള ജീവന്റെയും ആനുപാതികമായ മൂല്യത്തെക്കുറിച്ചു മനുഷ്യവർഗ്ഗത്തെ പഠിപ്പിക്കുക എന്നതായിരുന്നു ആ പദ്ധതിയുടെ ഉദ്ദേശ്യം. ഇത് അവർ വരുവാനിരിക്കുന്ന നല്ല നാളേക്കുള്ള അനുഭവപരിജ്ഞാനം നേടേണ്ടതിനായിരുന്നു.

തിൽ അവൻ പരാജയപ്പെടുകയില്ല (യെശ. 45:22,23; എബ്രാ. 6:13-18).

**റാഹേൽ കരയുന്നു**

"രാമയിൽ ഒരു ശബ്ദം കേൾക്കുന്നു. വിലാപവും കഠിനമായ കരച്ചിലും തന്നെ; റാഹേൽ തന്റെ മക്കളെക്കുറിച്ചു കരയുന്നു, അവർ ഇല്ലായ്കയാൽ അവരെച്ചൊല്ലി ആശ്വാസം കൈക്കൊൾവാൻ അവൾക്കു മനസ്സില്ല" (യിര. 31:15, NIV). അതുപോലെ തന്നെ രാജ്യവും ലോകവും അവരുടെ മരിച്ചവരെച്ചൊല്ലി വിലപിച്ചു. ഇതിൽ നമുക്കു സംശയമില്ല. കണ്ണുനീരിന്റെ നാളുകൾ തീർന്നില്ല എന്നതിൽ ഞങ്ങൾക്കു സംശയമില്ല. ഈ ലോകം ചഞ്ചലമാണ്, അതു സുസ്ഥിര സംരക്ഷണം നൽകുന്നില്ല. കഴിഞ്ഞ കഠിനമായ നൂറ്റാണ്ടുകളിൽ മരണമടഞ്ഞ, ഇനിയും മരിക്കാൻ പോകുന്ന ജനകോടികളെ ഓർത്തു ഞങ്ങൾ വിലപിക്കുന്നു. അവരിൽ പലർക്കും തങ്ങൾക്കുതന്നെ പ്രത്യാശയില്ലാത്തവരായി തോന്നുന്നു. നമ്മുടെ പ്രത്യാശ ഭരണകൂടങ്ങളിലും തോക്കുകളിലുമല്ല മറിച്ച് സ്വർഗ്ഗത്തിലെ ദൈവത്തിലാണ്. ദൈവത്താൽ പ്രചോദിതനായ എഴുത്തുകാരൻ ഇങ്ങനെ പറയുന്നു (യിര. 31:16,17): "കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കികൊൾക; നിന്റെ പ്രവർത്തിക്കു പ്രതിഫലമുണ്ടാകും; അവർ ശത്രുവിന്റെ ദേശത്തുനിന്നു മടങ്ങി വരും എന്നു യഹോവയുടെ അരുളപ്പാട്. നിന്റെ ഭാവിയെക്കുറിച്ച് പ്രത്യാശയുണ്ട്; നിന്റെ മക്കൾ തങ്ങളുടെ ദേശത്തേക്കു മടങ്ങിവരും എന്നു യഹോവയുടെ അരുളപ്പാട്".

സ്വർഗ്ഗസ്ഥനായ ദൈവം മാനുഷഹൃദയങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പ്രത്യാശയിൽ ഞങ്ങൾ തലകളെ ഉയർത്തി സന്തോഷിക്കുന്നു. സാത്താനെ ശക്തിഹീനനാക്കുന്ന ഒരു നല്ല ദിവസം വരാനിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. അന്നു എല്ലാ മനുഷ്യരും തങ്ങളുടെ സമ്പത്തിനാലോ ശക്തിയാലോ അല്ല അളക്കപ്പെടുന്നത്, മറിച്ച് തങ്ങളുടെ വിശ്വാസത്താലും, മാനസാന്തരത്താലും, സഹജീവികളോടുള്ള ആദ്രമായ അനുകമ്പയാലുമാണ്. അങ്ങനെയുള്ള നല്ല മനസ്സുള്ള എല്ലാവർക്കും കർത്താവു ജീവനും, സമാധാനവും, സംരക്ഷണവും അനന്തമായി വാഗ്ദാനം ചെ




യ്യുന്നു. ഈ ഉത്കൃഷ്ടതകൾ നേടിയെടുക്കാനാണ് യേശുക്രിസ്തു മരിച്ച് ഉയിർത്ത് എല്ലാവരേയും തന്നിലേക്കു ആകർഷിക്കുന്നത് (യോഹ. 12:32; റോമ. 8:19-21).

ആദാം എന്ന ഏകന്റെ അനുസരണക്കേടു മുതൽ ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ച വരെ (തീയതി അറിയില്ല) മാനവലോകം താഴേയ്ക്കുള്ള പതനത്തിലായിരിക്കുന്നു എന്നു കാണിക്കാനാണ് ഈ ചുരുങ്ങിയ വാക്കുകൾ ഇവിടെ കുറിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ മാദ്ധ്യസ്ഥ വാഴ്ച ആരംഭിച്ച് ദുഷ്ടലോകത്തെ പുനരുദ്ധരിക്കുന്ന വേലയിലൂടെ ദൈവത്തിനു മുമ്പിൽ സ്വീകാര്യമായ നില കൈവരുമ്പോൾ, അപ്പൊ. 3:19-21 ലെ വാക്യങ്ങൾ സാക്ഷാൽകൃതമാകും. ഇത് ദൈവിക പദ്ധതിയെന്നു നമുക്ക് ഉറപ്പുണ്ടോ? അതെ, യഹോവ തന്റെ വചനത്തിലൂടെ ഉറപ്പു നൽകുന്നു. യെശ. 55:11 – "..... എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കുകയും ഞാൻ അയച്ചകാര്യം സാധിപ്പിക്കുകയും ചെയ്യും".

"അവൻ അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകുകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞു പോയി" (വെളി. 21:4). യഹോവ തന്റെ ദയയിലും (ഔദാര്യം – പ്രീതി വാത്സല്യം) നീതിയിലും എല്ലാ മനുഷ്യരാശിയേയും മഹാകുഴപ്പകാലത്തിലെ നിരപ്പാകൽ പ്രക്രിയയ്ക്കു വിധേയരാക്കുന്നുണ്ട്, വിധേയരാക്കുകയും ചെയ്യും. അതിനുശേഷം അതേ ബുദ്ധിമാനായ ന്യായാധിപതി, ക്രിസ്തുവും അവന്റെ മണവാട്ടിയായ വിവിധ പ്രതിനിധികളും മുഖാന്തരം അവരെ അനുഗ്രഹിക്കും. അതെ, ഈ വേല അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീരെല്ലാം തുടയ്ക്കും. ആ കണ്ണുനീർ, അതിന്റെ കാരണം, കുറവുകൾ, വേദന, മരണം എന്നിവ നിലനിൽക്കുന്ന കാലത്തോളം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. പാപത്തിന്റെ അടയാളങ്ങളായ മാനവരാശിയുടെ ചെയ്തികളെ മാത്രമല്ല, സകല മുഖത്തുനിന്നും അതിന്റെ എല്ലാ ഭാവങ്ങളെയും മാറ്റും, അതും

ആ സമയത്തു ജീവിച്ചിരിക്കുന്നവരുടെ മാത്രമല്ല, കല്ലറകളിലുള്ള അനേക ലക്ഷങ്ങളുടെ മേലും ആ അനുഗ്രഹം ഉണ്ടാകും.

പിന്നെ, സഹസ്രാബ്ദ യുഗത്തിനു ശേഷം വരുന്ന അനുഗ്രഹ യുഗങ്ങളിൽ മരണം ഉണ്ടാകയില്ല. പുതിയ ഉടമ്പടി വ്യവസ്ഥ ചെയ്തിരിക്കുന്നത്, പാപങ്ങളുടെ ക്ഷമ, പുതുക്കിയ ഒരു നല്ല ഹൃദയം, ലംഘനം മൂലം ഉണ്ടായ ശാപത്തിന്റെ ഫലമായി നഷ്ടപ്പെട്ട സകലത്തിന്റെയും യഥാസ്ഥാപനം മുതലായവയാണ്. ഉല്പത്തി പുസ്തകത്തിലെ ആദ്യ അദ്ധ്യായങ്ങൾ പാപത്തിന്റെ പ്രവേശവും, ശാപവും, മരണവും അവതരിപ്പിക്കുമ്പോൾ വെളിപ്പാടിലെ അവസാന അദ്ധ്യായങ്ങൾ ദൈവത്തിന്റെ പദ്ധതിയുടെ വിജയം വെളിപ്പെടുത്തുന്നു. യാതൊരു പാപക്കറയും പൂർണ്ണത പ്രാപിച്ച ജനസമൂഹത്തിന്റെ ഐക്യവും സമാധാനവും തകർക്കുകയില്ല. കയ്പുള്ള ചിന്ത, കരുണയില്ലാത്ത ഒരു നോട്ടമോ വാക്കോ ഒന്നും ഉണ്ടാകുകയില്ല. സ്നേഹം, എല്ലാ ഹൃദയങ്ങളിൽ നിന്നും ഉതിർന്നു വരും, മറ്റെല്ലാ ഹൃദയങ്ങളിൽ നിന്നും സമാന പ്രതികരണങ്ങൾ ഉണ്ടാകുന്നു, അങ്ങനെ എല്ലാ പ്രവർത്തികളിലും ഉദാരത വെളിപ്പെടും. ദൈവത്തിന്റെ മഹാവലിയ പദ്ധതിയിൽ ദുഃഖം, സങ്കടം, വേദന, കുഴപ്പങ്ങൾ എന്നിവയ്ക്കു ശാശ്വതമായി യാതൊരു സ്ഥാനവുമുണ്ടാകയില്ല.

നാം വേദനിപ്പിക്കുന്ന അനുഭവങ്ങളെ കണക്കിലെടുക്കുമ്പോൾ, പൂർണ്ണത പ്രാപിച്ചതിനു ശേഷം യാതൊരു അപകടങ്ങളും ഉണ്ടാകുകയില്ലെന്നും, ജന്തുലോകത്തും സസ്യലോകത്തും നിലനിൽക്കുന്ന അനുഭവങ്ങളായ വേദനയോ, ദുഃഖമോ, കരച്ചിലൊ ഒന്നും അവ ഇനി കൊണ്ടുവരികയില്ലെന്നും ന്യായമായി അനുമാനിക്കാം. വെളി. 21:4-ൽ പറയുന്നതു പോലെ "ഒന്നാമത്തേതു (മുന്നനുഭവങ്ങൾ) കഴിഞ്ഞു പോയി". ഇനി തടവറകൾ, ആശുപത്രികൾ, ഡോക്ടർമാർ, ശ്മശാന ഭാരവാഹികൾ, അസംതൃപ്തർ അല്ലെങ്കിൽ അസന്തുഷ്ടികളോ ഒന്നും ദൈവത്തിന്റെ സമർപ്പിത മക്കൾക്കു ഉണ്ടാവുകയില്ല!

## ന്യായവിധി ദിവസം, സമാധാനം, അതെങ്ങനെ കൈവരും?

### THE JUDGEMENT DAY, PEACE, HOW WILL IT COME?

**"ഞാൻ പ്രസ്താവിച്ചിരിക്കുന്നു; ഞാൻ നിവൃത്തിക്കും; ഞാൻ നിരൂപിച്ചിരിക്കുന്നു; ഞാൻ അനുഷ്ഠിക്കും" – യെശ. 46:11.**

"സൈന്യങ്ങളുടെ യഹോവ നിർണ്ണയിച്ചിരിക്കുന്നു; അതു ദുർബ്ബലമാക്കുന്നവൻ ആർ?" (യെശ. 14:27). നീതിമാനായ താൻ നിയമിച്ച യേശുക്രിസ്തു എന്ന പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ ദൈവം ഒരു ദിവസത്തെ നിശ്ചയിച്ചു. ചില ക്രൈസ്തവ സഹോദരങ്ങളോടു സംസാരിച്ചപ്പോൾ അവർ ഇപ്പോഴും എടുത്തുകൊള്ളപ്പെടുന്ന ദിവസം അല്ലെങ്കിൽ അന്ത്യവിധിദിനം എന്ന പഠിപ്പിക്കലുകളിൽ വിശ്വാസമർപ്പിച്ചു വരുന്നു എന്നു മനസിലാക്കുന്നു. ഒരു നവീകരണ ക്രൈസ്തവ സമൂഹത്തിലെ മിഷനറിമാരായ ഭാര്യാഭർത്താക്കന്മാരിൽ ഭാര്യയുടെ സഹോദരിക്കും ഭർത്താവിനും യാതൊരു സഭയുമായും ബന്ധമില്ലായിരുന്നു. ആ സഹോദരി മരിച്ചു. അവൾ നഷ്ടപ്പെട്ടു പോയി എന്നു വിശ്വസിച്ചുകൊണ്ട് ആ കുടുംബം വളരെ സങ്കടത്തിലായി. ന്യായവിധിയെ സംബന്ധിച്ച വേദവിരുദ്ധ പഠിപ്പിക്കലിലൂടെ മനുഷ്യവർഗ്ഗത്തിനു സാത്താൻ വലിയ ദുഃഖത്തിനിടവരുത്തുന്നു. യെശ. 60:2 – "അന്ധകാരം ഭൂമിയേയും കൂരിരുട്ടു ജാതികളെയും മൂടുന്നു". ന്യായവിധി ദിവസത്തെ 24 മണിക്കൂറുള്ള ഒരു ദിവസമായി കണക്കാക്കുകയും അത് വെറുമൊരു പ്രസ്താവിക്കലാണെന്നു ധരിക്കുകയും ചെയ്യുകവഴി ദുർബലരായി ഞരങ്ങുന്ന സൃഷ്ടികൾ അന്ധകാരത്തിൽ ഇരിക്കുന്നു.

നമ്മെ അന്ധകാരത്തിൽ നിന്നും ദൈവസ്നേഹത്തിന്റെ അത്ഭുതപ്രകാശത്തിലേക്കു വിളിച്ചതിനു പ്രിയ സഹോദരന്മാരേ നമുക്കു നന്ദിയുള്ളവരായിരിക്കാം. എല്ലാവർക്കുമായുള്ള ക്രിസ്തുവിന്റെ മറുവിലയിൻ പുണ്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നതും നമുക്ക് ഏവർക്കും ലഭിക്കുന്നതുമായ മഹാസന്തോഷത്തിന്റെ ഈ സദ്വർത്തമാനത്തിൽ നമുക്ക് ആഹ്ലാദിക്കാം. നമ്മുടെ കർത്താവായ യേശു ശിരസ്സായി ഇരുന്നുകൊണ്ട് എല്ലാവരേയും തന്റെ പൂർണ്ണവും വിലയേറിയതുമായ ബലിയാൽ വിടുവിച്ച്, സുവിശേഷയുഗത്തിൽ തന്റെ ശരീരമായ സഭയേയും കൂടെ കൂട്ടിച്ചേർത്ത് ദൈവത്തിന്റെ പ്രതിനിധികളായി ലോകത്തെ ന്യായം വിധിക്കും. അവരായിരിക്കും വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനും ഗുരുവും.

എന്തുകൊണ്ടാണ് ന്യായവിധി ദിവസത്തിൽ ഒരു ഗുരുവിനെ നമുക്ക് ആവശ്യമായി വരുന്നത്? ഞങ്ങൾ മനസിലാക്കുന്നതനുസരിച്ചു ന്യായവിധിക്കു 4 ഭാഗങ്ങൾ ഉള്ളതിനാലാണത്:

1. നീതി പഠിപ്പിക്കൽ - ദൈവിക പദ്ധതിയെപ്പറ്റി എല്ലാവർക്കും പൂർണ്ണ അറിവു ലഭിക്കേണ്ടതിന്.

2. പരിശോധന – നാം പഠിച്ച കാര്യങ്ങളെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ദൈവസന്നിധിയിൽ നീതി പ്രദർശിപ്പിക്കുവാൻ.

3. തെറ്റു തിരുത്തൽ - വിശുദ്ധിയിൻ പെരുവഴിയിലൂടെ നടക്കുന്നതിനു നാം പ്രാപ്തരാകുന്നതിന് – അവിടെ ഭോഷന്മാർ പോലും വഴിതെറ്റിപ്പോകയില്ല. യെശ. 35:8.

4. അന്തിമവിധി – ദൈവേഷ്ടം ചെയ്യുന്നതിനാണോ അല്ലയൊ നമ്മുടെ തീരുമാനം എന്നതിനെ ആശ്രയിച്ചുള്ള അന്തിമവിധി

ആദാമിനും ആദാമിൽ നിന്നുള്ള എല്ലാവർക്കും പരിശോധന ഉണ്ടായിരിക്കും. ആദ്യ പരിശോധന മനുഷ്യരാശിക്കു മാത്രമുള്ളതായിരുന്നു. അതുപോലെ അതിന്റെ ശിക്ഷയും ശാപവും ഒന്നാമത്തെ മരണവും മനുഷ്യന്റെ മേൽ മാത്രം ഉള്ളതായിരുന്നു. എന്നാൽ രണ്ടാമത്തെ പരിശോധന കൂടുതൽ വിശാലമായിരിക്കും. ഇത് വീഴ്ച ഭവിച്ച മനുഷ്യരാശിക്കു വേണ്ടി മാത്രമുള്ളതായിരിക്കയില്ല. മറിച്ച് മറ്റെല്ലാ കാര്യങ്ങളുടെയും സിദ്ധാന്തങ്ങളുടെയും യഹോവയുമായി പൊരുത്തത്തിൽ അല്ലാതിരിക്കുന്ന എല്ലാ ജീവികളുടെയും പരിശോധന ആയിരിക്കും. സഭാ. 12:14 "ദൈവം നല്ലതും തീയതുമായ സകല പ്രവർത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ". വരാൻ പോകുന്ന ന്യായവിധിയിൽ സാംസ്കാരികവും സാമൂഹികവും മതപരവുമായ വ്യാജപ്രസ്ഥാനങ്ങൾ ഉൾപ്പെടെ സകലതും കുറ്റം വിധിക്കപ്പെടും. തെറ്റ്, മുൻവിധി മുതലായവയാൽ മനുഷ്യന്റെ പരിശോധന തടസ്സപ്പെടാതെ മുന്നോട്ടു പോകുന്നതിന് ഈ വിധി ആദ്യം തന്നെ വരുന്നതിനാൽ സഹസ്രാബ്ദ ദിനത്തിന്റെ തുടക്കത്തിൽ തന്നെ ഇവ പുറത്താക്കപ്പെടും.

തങ്ങളുടെവിശുദ്ധിയുടെയും ദൈവത്തോടുള്ള അനുസരണത്തിന്റെയും ആദ്യാവസ്ഥ കാത്തുകൊള്ളാത്ത ദൂതന്മാരുടെ പരിശോധനയും ഇതിൽ ഉൾപ്പെടും. 1 കൊരി. 6:3 "നാം [വിശുദ്ധന്മാർ] ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ?" ഈ അവസ്ഥയിൽ, ആദാമ്യ പാപത്തിന്റെ ഫലമായി സകലരിലും കടന്നുവന്ന ശിക്ഷയേക്കാളും അഥവാ ശാപത്തേക്കാളും അധികമായി സഹസ്രാബ്ദ ന്യായവിധിയുടെ ശിക്ഷ (നാശം, രണ്ടാം മരണം) പാപികളിലേക്കു കടന്നു വരും. ഒറ്റവാക്കിൽ പറഞ്ഞാൽ പരിശോധനയുടെ ഒടുവിലത്തെ നാശം, ദൈവത്തിനു മഹത്വം വരുത്താത്തതും പൊതുവെ അവന്റെ സൃഷ്ടികൾക്കു ഉപയോഗവും അനുഗ്രഹവും നൽകാത്തതുമായ എല്ലാ ജീവികളെയും എല്ലാറ്റിനെയും പൂർണ്ണമായി നശിപ്പിക്കും.

ദൈവത്തിന്റെ ന്യായവിധി ദിവസം നാം കാണുന്നതുപോലെ ഒരു നാശത്തിന്റെ ദിവസമല്ല മറിച്ച് അതൊരു രക്ഷാദിവസമാണ്. കൂടാതെ നമുക്ക് ദൈവത്തോടുകൂടെ ലോകത്തെ ദൈവത്തിന്റെ നീതി അഭ്യസിപ്പിക്കുന്നതിനും തന്റെ സഹപ്രവർത്തകർ ആകുന്നതിനും കഴിയും. സങ്കീ. 96:13 ലെ ദൈവത്തിന്റെ സത്യം ഇങ്ങനെയാണ്: "അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടും കൂടെ വിധിക്കും".




### വിശ്വസ്തരായ കൂട്ടുവേലക്കാർ

പ്രിയപ്പെട്ട റസ്സൽ സഹോദരനുള്ള കത്ത്: മാർച്ചിലെ വീക്ഷാഗോപുരത്തിലെ "പൂർണ്ണ മനുഷ്യനെ അടയാളപ്പെടുത്തുക" എന്ന ആദ്യ ലേഖനം ഞാൻ വീണ്ടും വായിക്കുകയാണ്. അത് എനിക്ക് എത്രമാത്രം ഇഷ്ടപ്പെടുകയും പ്രയോജനപ്പെടുകയും ചെയ്തു എന്നുള്ളത് അങ്ങ് അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സകലവിധത്തിലും നന്മ നിറഞ്ഞതും തികവുള്ളതുമായ സമ്മാനം നൽകുന്ന ദാതാവിനു നന്ദി ചൊല്ലിയതിനു ശേഷം ഞാൻ അങ്ങയോടും നന്ദി പറയുകയും കർത്താവായ യേശുക്രിസ്തുവിന്റെ കൃപ അങ്ങയോടും അങ്ങയുടെ എല്ലാ പ്രവർത്തികളോടും കൂടെ ഇരിക്കുവാനും എതിരാളിയുടെ ആക്ര

മണങ്ങളിൽ നിന്നു അങ്ങ് എല്ലായ്പ്പോഴും സംരക്ഷിക്കപ്പെടുവാനും ഞാൻ ഇടവിടാതെ പ്രാർത്ഥിക്കുന്നു. അങ്ങയുടെ സ്ഥാനത്ത് ഒരു നിമിഷം എന്നെത്തന്നെ നിർത്തിക്കൊണ്ട്, പുതിയതും പഴയതുമായ കാര്യങ്ങൾ (വിശ്വാസത്തിന്റെ) ഭവനക്കാർ വിലമതിക്കുന്നു എന്നു കാണുമ്പോൾ അങ്ങ് സന്തോഷിക്കുന്നു എന്നു എനിക്കു കാണാൻ കഴിയുന്നു. അങ്ങനെ ഈ ചെറിയ കുറിപ്പ് അങ്ങയുടെ കരങ്ങളെ ഉയർത്തിക്കാട്ടുന്നതിന് സഹായകരമാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്തു മനോഹരമായ ചിന്ത!

അതുപോലെ ദൈവത്തിന്റെ സമർപ്പിത ജനങ്ങളെല്ലാം ശുശ്രൂഷയുടെ വാതിലുകൾക്കു വേണ്ടി നോക്കിക്കൊണ്ടും അതിനുവേണ്ടി മുട്ടിക്കൊണ്ടും ഇരിക്കുന്നവരാകണം. ഏപ്രിൽ 7 ലെയും ഡിസംബർ **10** ലെയും മന്നായിലെ വിശദീകരണത്തിലൂടെ (R **2004**, R **2888**) റസ്സൽ സഹോദരൻ ഇക്കാര്യത്തിൽ നല്ല പ്രോത്സാഹനം നൽകുന്നുണ്ട്. അദ്ദേഹം പ്രസ്താവിക്കുന്നത്: "നിങ്ങൾക്കു സന്തോഷത്തിന്റെ സദ്വർത്തമാനം ഘോഷിക്കുവാൻ അത്യുത്സാഹമില്ലെങ്കിൽ സത്യസന്ധമായും വിശ്വസ്തതയോടെയും നിരന്തരമായി അതിനുവേണ്ടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുക. എങ്കിൽ നിങ്ങൾക്കതു ലഭിക്കും. നിങ്ങൾക്കു സുവിശേഷത്തോടു താത്പര്യവും സ്നേഹവും ഉണ്ടെങ്കിലും അതു പ്രചരിപ്പിക്കുവാനുള്ള കഴിവില്ലെങ്കിൽ ആ കഴിവിനു വേണ്ടി പ്രാർത്ഥിക്കുകയും നിങ്ങൾക്കുള്ള കഴിവ് മുഴുവൻ ഉപയോഗിച്ച് അതു ചെയ്യുകയും ചെയ്യുക. നിങ്ങൾക്കു താത്പര്യവും കഴിവും ഉണ്ട് എന്നാൽ അവസരം ഇല്ലാ എങ്കിൽ കർത്തൃസന്നിധിയിൽ പ്രാർത്ഥനാനിരതനായി ലഭിച്ച അവസരങ്ങളെല്ലാം വിശ്വസ്തതയോടെ പ്രയോജനപ്പെടുത്തുന്നു എന്ന് അവനെ അറിയിക്കുക. അതിനു ശേഷം നിങ്ങളുടെ കൈ ഇളയ്ക്കാതെ എത്തിപ്പെടാവുന്ന എളിമയുള്ളതും ചെറുതുമായ കൂടുതൽ അവസരങ്ങൾക്കായി ഊർജ്ജസ്വലതയോടെ ജാഗരിക്കുക".

"കർത്താവിന്റെ ഏതു പ്രവർത്തനരംഗത്തെ വേലയ്ക്കാണോ അവൻ നമുക്കായി അവസരത്തിന്റെ വാതിലുകൾ തുറന്നു തന്നിരിക്കുന്നത്, നാം കൃത്യനിഷ്ഠയോടും ഊർജ്ജസ്വലതയോടും കൂടി അതിലേക്കു കടക്കണം – അവനോടുള്ള തീക്ഷ്ണത മൂലവും നമ്മെ വിളിച്ച ഉദ്ദേശ്യത്തിനായി തന്നെയും അതിലേക്കു കടക്കണം. അവനു സ്വീകാര്യരാണ് എന്നുള്ളതിന്റെ ഒരു വ്യവസ്ഥയാണിത്. നാം മടിയന്മാരോ, അവസരങ്ങൾക്കു ശ്രദ്ധ കൊടുക്കാത്തവരോ ആയിരുന്നാൽ സംശയലേശമെന്യേ അതു നമ്മിൽ നിന്നും എടുത്തു മാറ്റി മറ്റുള്ളവർക്കു കൊടുക്കും. എന്തുകൊണ്ടെന്നാൽ തന്റെ ഉദ്ദേശ്യങ്ങൾക്കായി നമ്മുടെ സ്വതന്ത്ര ധർമ്മാധർമ്മ പ്രവർത്തിയിൽ കൈകടത്തുകയോ ബലപ്രയോഗം നടത്തുകയോ ചെയ്യാതെ തന്റെ ഉദ്ദേശ്യപ്രകാരം ശുശ്രൂഷിക്കുന്നതിനായി ഒരാളെയോ മറ്റാളുകളെയോ ധാരാളമായി ഉയർത്തുവാൻ തക്കവണ്ണം കർത്താവ് കഴിവുള്ളവനാണ്. ദൈവത്തോടു സഹപ്രവർത്തിക്കാരായിരിക്കുവാൻ നമുക്കു നൽകിയിരിക്കുന്നത് എത്ര വലിയ അവസരമാണെന്നോർത്ത് സന്തോഷിച്ചുകൊണ്ടു നാം കൂടുതൽ കൂടുതൽ അതിനെ വിലമതിക്കണം. പ്രത്യേകിച്ച് നാം വിളിക്കപ്പെട്ടിരിക്കുന്നതും, നമ്മുടെ കർത്താവും ഗുരുവുമായ യേശു ചെയ്യുന്ന ഈ മഹത്തായ ശുശ്രൂഷയിൽ ഭാഗഭാക്കാകുവാൻ ആകുന്നു. നമുക്കു ലഭിച്ചിരിക്കുന്ന അവസരത്തെയോർത്തു നമുക്കിതിനെ വിലമതിക്കാം" (PT' 82, p. 4).

സന്നദ്ധസേവകരോ, ദുഃഖിതരെ ആശ്വസിപ്പിക്കുന്നവരോ, സംശയങ്ങൾക്കു കൃത്യമായ നിവാരണം നടത്തി മറ്റുള്ളവരെ സത്യത്തിലേക്കു കൊണ്ടുവരുന്നവരോ (sharp shooter) അച്ചടിച്ച സത്യത്തിന്റെ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നവരോ (colporteur) സത്യം പ്രചരിപ്പിക്കുകയും നല്ല വേല ചെയ്യുകയും ചെയ്യുന്നവരൊ, സംസാരിക്കുക വഴിയായി മറ്റുള്ളവരെ സത്യം കണ്ടെത്തുന്നതിനു താത്പര്യം ജനിപ്പിക്കുന്നവരോ, സത്യത്തിന്റെ ശുശ്രൂഷയുടെ മറ്റേതെങ്കിലും തലത്തിൽ ഏർപ്പെട്ടിരിക്കുന്നവരോ ആയ സഹോദരങ്ങൾ തങ്ങളുടേതായ പ്രവർത്തി മണ്ഡലത്തിൽ നിന്നുകൊണ്ട് ശുശ്രൂഷയുടെ വാതിലിനു വേണ്ടി കർമ്മോത്സുകരായി നോക്കുകയും മുട്ടുകയും ചെയ്യട്ടെ. അതോടൊപ്പം അധിക ശുശ്രൂഷയുടെയും ശുശ്രൂഷയുടെ ഉയർന്ന തലത്തിലും ഉള്ള വാതിൽ തങ്ങൾക്കു തുറന്നിരിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നുവെങ്കിൽ അതിലേക്ക് അവർ ഊർജ്ജസ്വലതയോടും അത്യുത്സാഹത്തോടു കൂടി പ്രവേശിക്കേണ്ടതാകുന്നു.

ദൈവത്തിന്റെ ദാനങ്ങളും വിളികളും സുവിശേഷയുഗ ആത്മിക തിരഞ്ഞെടുപ്പു ഗണങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. ദൈവം പുതിയ സമർപ്പിതർക്കായി മറ്റൊരു വാതിൽ ഇപ്പോൾ തുറന്നിരിക്കുന്നു – യുഗങ്ങൾക്കിടയിൽ സമർപ്പിതരാകുവാൻ ഉള്ള മഹത്തായ അവകാശമാണത് (R **5761**).

അവരും അബ്രഹാമിന്റെ സഹസ്രാബ്ദപൂർവ്വ സന്തതിയാണ്; അവർ സഹസ്രാബ്ദത്തിൽ വീരന്മാരോടൊപ്പം ശുശ്രൂഷയിൽ പങ്കാളികളാകും. ഈ പുതിയ സമർപ്പിതരാണ് എപ്പിഫനി പാളയ സമർപ്പിതർ. ഈ തുറന്ന വാതിലിലൂടെ പ്രവേശിക്കുന്നതിനു പുതിയ സമർപ്പിതരെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. മത്താ. 7:7 "യാചിക്കുവിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറന്നു കിട്ടും" എന്തെന്നാൽ ഇതും ഉടൻ തന്നെ അടയും.


സത്യത്തിന്റെ ശുശ്രൂഷയിൽ കർത്താവിനെ സേവിക്കുന്നതിനു സഹോദരന്മാർക്കു പല വാതിലുകൾ ഉണ്ട്. നമ്മുടെ കഴിവുകൾ, നമ്മുടെ കർത്തവ്യങ്ങൾ, നമ്മുടെ സാഹചര്യങ്ങൾ മുതലായവയെ സുബോധത്തിന്റെ ആത്മാവിനോടുള്ള പൊരുത്തത്തിൽ ശ്രദ്ധാപൂർവ്വം പരിഗണിച്ചതിനു ശേഷം ആ വാതിലിലേക്ക് അഥവാ ശുശ്രൂഷയുടെ പടിയിലേക്കു നാം കടക്കുന്നതു ദൈവത്തിന്റെ ഇഷ്ടമാണെന്നു നാം വിശ്വസിക്കുന്നു. അങ്ങനെതന്നെ നമുക്കായി അതു തുറന്നിരിക്കുന്നുവോ അല്ലെങ്കിൽ മുഴുവനായി തുറന്നിരിക്കുന്നുവോ എന്ന് ഉറപ്പില്ലെങ്കിൽ നമുക്ക് അവയിൽ ആലങ്കാരികമായി മുട്ടിനോക്കാം. ശുശ്രൂഷയിലേക്കു കടക്കണമെന്നു ചില സമയങ്ങളിൽ നാം ചിന്തിക്കുന്നു. എന്നാൽ നാം "മുട്ടിയതിനു" ശേഷം ദൈവം തന്റെ വഴിനടത്തിപ്പുകൾ മുഖാന്തരം ആ വാതിൽ അടച്ചിരിക്കുന്നു എന്നു നമുക്ക് സൂചന നല്കുന്നു: മറിച്ച് വാതിൽ തുറന്നിരിക്കുന്നതായി കാണുന്നുവെങ്കിൽ നമുക്കതിലേക്കു ചുറുചുറുക്കോടും സന്തോഷത്തോടും കൂടെ കയറിച്ചെല്ലാം.

അപ്പൊസ്തലനായ പൗലൊസും തിമൊഥെയോസും ബിഥന്യയിലേക്കു പോകുന്നതിനായി ആലങ്കാരികമായി വാതിലിൽ മുട്ടി. എന്നാൽ ഒരു വിധത്തിലും കർത്താവ് അവരെ അവിടെ പ്രവേശിക്കുവാൻ അനുവദിച്ചില്ല. ഏഷ്യയിലേക്കു പോകുന്നതിനു അനുവദിച്ചില്ല. എന്നാൽ അതിനു പകരം യൂറോപ്പിലുള്ള മാസിഡോണിയയിലേക്കു അവർക്ക് ഒരു തുറന്ന വാതിൽ കാണിച്ചു കൊടുത്തു (അപ്പൊ. 16:6-10). പ്രത്യക്ഷത്തിൽ ഏഷ്യക്കു പകരം യൂറോപ്പിലേക്കു സുവിശേഷം എത്തണമെന്നാണ് കർത്താവ് ആഗ്രഹിച്ചത് എന്നു കാണുന്നു. എന്നാൽ ത്രോവാസിൽ ഒരു ശുശ്രൂഷക്കു വേണ്ടി അപ്പൊസ്തലൻ വാതിലിൽ മുട്ടുകയും ഒരു വാതിൽ കർത്താവ് തുറന്നുകൊടുക്കുകയും ചെയ്തു എന്നത് പ്രകടമാകുന്നു (2 കൊരി. 2:12). റോമിൽ ബന്ധിതനായിരുന്നപ്പോൾ അപ്പൊസ്തലൻ ആലങ്കാരികമായി വീണ്ടും പ്രാർത്ഥനയിലൂടെ മുട്ടുകയും "എനിക്കു ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിക്കുവാൻ തക്കവിധം ദൈവം ഞങ്ങൾക്കു വചനത്തിന്റെ വാതിൽ തുറന്നു തരുകയും" ചെയ്തു (കൊലൊ. 4:3).

## അനുഗ്രഹിക്കപ്പെട്ട ഫലങ്ങൾ

ലൂക്കൊ. 11:9 ൽ, "ഞാൻ നിങ്ങളോടു പറയുന്നു, യാചിപ്പിൻ എന്നാൽ നിങ്ങൾക്കു ലഭിക്കും, അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും". വാക്യം 10-ൽ ഇത് പുനഃപ്രസ്താവിക്കുകയും ഊന്നിപറയുകയും ചെയ്യുന്നു. തിരുവെഴുത്തിനോടു യോജിക്കും പ്രകാരം മുകളിൽ കുറിച്ചതുപോലെ ഏതെങ്കിലും സമർപ്പിതനായ ഒരുവൻ യാചിക്കുകയോ, അന്വേഷിക്കുകയോ മുട്ടുകയോ ചെയ്യുന്നുവെങ്കിൽ ദൈവത്തിന്റെ ഉത്തരം തീർച്ചയായും ലഭിക്കും.

ദൈവത്തിന്റെ മക്കൾക്കു വചനാനുസൃതമായ പ്രാർത്ഥനയാലും യാചനയാലും അന്വേഷണത്താലും മുട്ടലിനാലും കൃപയുടെയും സത്യത്തിന്റെയും ശുശ്രൂഷയുടെയും മഹത്തായ അനുഗ്രഹങ്ങൾ ക്രിസ്തുവിലൂടെ ലഭിക്കുകയും നമ്മുടെ കൃപാലുവും സ്നേഹവാനുമായ സ്വർഗ്ഗീയ പിതാവ് അവരെ സമൃദ്ധിയായി അനുഗ്രഹിക്കുകയും ചെയ്യും. പ്രത്യേകമായി പരിശുദ്ധാത്മാവ് അതിന്റെ ഫലങ്ങളാൽ അവരുടെ ഹൃദയങ്ങളിലും ജീവിതങ്ങളിലും നിറയുകയും അവർ ദൈവത്തോടും യേശുവിനോടും കൂടെ ആയിരിക്കുന്നുവെന്നും അവരോട് പഠിച്ചിരിക്കുന്നുവെന്നും മറ്റുള്ളവർ തിരിച്ചറിയും!



**സമാധാനം, അതെങ്ങനെ കൈവരും?**

ക്രിസ്തുവിന്റെ വാഴ്ചകാലം ഒരു നീതിവിധിയുടെ കാലവും എല്ലാവർക്കും ഒരു സമ്പൂർണ്ണാവസരകാലവുമാണെങ്കിലും പലർക്കും അതു ഒരു കഠിന ശിക്ഷണത്തിന്റെയും പരിശോധനയുടെയും ശിക്ഷാവിധിയുടെയും കാലവുംകൂടിയായിരിക്കും. ഓരോ വ്യക്തിയുടെയും സാഹചര്യങ്ങൾക്കും അവസരങ്ങൾക്കും അർഹമായ പരിഗണനയോടെ, ന്യായാധിപനായ ക്രിസ്തുവിന്റെ (യോഹ. 5:22; 1 കൊരി. 6:12) സ്വഭാവത്താൽ, അവന്റെ പരിപൂർണ്ണമായ അറിവിലൂടെയും, അവന്റെ അചഞ്ചലമായ നീതിയിലൂടെയും നന്മയിലൂടെയും, അവന്റെ ദൈവീക ശക്തിയാലും, മനുഷ്യരെ മരണത്തിൽ നിന്നു വീണ്ടെടുക്കുന്നതിനുള്ള തന്റെ ത്യാഗത്തിൽ കാണിച്ചിരിക്കുന്ന മഹത്തായ സ്നേഹത്താലും, അവർ ഈ അനുകൂലവും വ്യക്തിഗതവുമായ പരിശോധനയുടെ അവകാശം ആസ്വദിക്കുവാൻതക്കവണ്ണം ന്യായവിധി ന്യായവും നിഷ്പക്ഷവും ആയിരിക്കും.

ഈ അറിവിന്റെ അടിസ്ഥാനത്തിൽ നമുക്കു ആന്തരീകവും ബാഹ്യവുമായ ശാന്തിയും സമാധാനവും ഉണ്ട്. അതിന്റെ ബാഹ്യമായ വശം കൊണ്ട് അർത്ഥമാക്കുന്നത് വ്യക്തികളും കൂട്ടങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ശാന്തതയാണ്. മാനവരാശിയെ മുഴുവൻ നശിപ്പിക്കുവാൻ കഴിവുള്ള മാരകമായ ആയുധങ്ങൾ ശേഖരിച്ചു വെക്കുന്ന, മറ്റൊരു രാജ്യത്തെ ഭയപ്പെടാതെയുള്ള ഒരു ജീവിതം, ശാശ്വതമായ ആഗോള സമാധാനം, അതാണ് ജനങ്ങൾ പൊതുവെ ആഗ്രഹിക്കുന്നത്. യുദ്ധങ്ങൾ ഒരിക്കലും സുദീർഘമായി നിലനിൽക്കുന്ന സമാധാനം കൊണ്ടുവന്നിട്ടില്ല എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. യാതൊരു മാനുഷിക സംഘടനകളും സമാധാനം കൊണ്ടുവരുന്നില്ലെങ്കിൽ പിന്നെ അതെങ്ങനെ കൈവരും?

ഈ ദുഷ്ടലോകത്തിന്റെ ദൈവത്തിന്റെ (സാത്താന്റെ) അധികാരം നീക്കപ്പെടും! യെശ. 46:11 ൽ പ്രസ്താവിക്കുന്നതുപോലെ, "ഞാൻ നിരൂപിച്ചിരിക്കുന്നു; ഞാൻ അനുഷ്ഠിക്കും". സാത്താനെ തടസ്സപ്പെടുത്തുവാൻ ദൈവം ശക്തിയില്ലാത്തവനല്ല, എന്നാൽ ദൈവം തന്റെ ഉദ്ദേശ്യങ്ങളെ നടപ്പിൽ വരുത്തുവാൻ തിന്മയെ ഇപ്പോൾ അനുവദിച്ചിരിക്കുന്നു. ദൈവത്തിന്റെ ഭരണവ്യവസ്ഥയുടെ പരിപൂർണ്ണതയുള്ള പദ്ധതി മനസ്സിലാക്കുന്നതിനു നമ്മെ അനുവദിച്ചിരിക്കുന്നു എന്നുവരുകിലും പിന്നാലെ വലിയ ലംഘനങ്ങൾക്കു വലിയ ശിക്ഷകൾ വരും. എന്നിരുന്നാലും നീതി സ്ഥാപിക്കുന്നതിനും മഹത്തായ ധാർമ്മിക പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും ആവശ്യമായതല്ലാതെ അതിനേക്കാൾ വലുതായിരിക്കില്ല ഈ ശിക്ഷകൾ. ഇപ്പോഴത്തെ വ്യവസ്ഥിതികൾ എന്നേക്കും തുടരുകയില്ല. ഇതു തിരിച്ചറിയുന്നതിനുള്ള ഒരു സമയം സമാഗതമായിക്കൊണ്ടിരിക്കുന്നു. 2 പത്രൊസ് 2:9, "കർത്താവു ഭക്തന്മാരെ പരീക്ഷയിൽ നിന്നു വിടുവിപ്പാനും നീതികെട്ടവരെ ന്യായവിധി ദിവസത്തിൽ ശിക്ഷിക്കാനും അറിയുന്നുവല്ലോ" (LDH 98, 101, 79).

എല്ലാവരും ഒന്നിച്ച് ഉയിർപ്പിക്കപ്പെടുകയില്ല. ഓരോ പുതിയ സംഘങ്ങളായി ഉയിർപ്പിക്കപ്പെടുകയും അവർക്കു മുൻപേ ഉയിർപ്പിക്കപ്പെട്ടവരുടെ ഒരു സമൂഹത്തെ തങ്ങളുടെ സഹായത്തിന് അവർ കണ്ടെത്തുകയും ചെയ്യും. മനുഷ്യർ തമ്മിൽ കാണിക്കുന്ന സ്നേഹം രാജാവ് തന്നോട് കാണിച്ചതായി കരുതും. എല്ലാവരും ദൈവത്തിന്റെ സ്നേഹപ്രമാണത്തിന്റെ ഐക്യത തങ്ങളുടെ സ്വന്തം പ്രവർത്തിയിൽ കൂടി തെളിയിക്കേണ്ടതായിരിക്കും. "സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ" (റോമ. 13:10). വീണ്ടും മനുഷ്യൻ ദൈവസാദൃശ്യത്തിലേക്ക് വീണ്ടെടുക്കപ്പെടുമ്പോൾ അവൻ സ്നേഹത്തിന്റെ ഒരു ജീവനുള്ള സ്വരൂപമാകും. സകല ദേശങ്ങളിലുമുള്ള മരിച്ചവർ എല്ലാവരും ഒരു നിശ്ചയിക്കപ്പെട്ട സമയത്തും ക്രമത്തിലും, നീതിപൂർവ്വവും പക്ഷാഭേദമില്ലാത്തതും വ്യക്തിപരവുമായ ന്യായവിസ്താരത്തിനു ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിലേക്കു വിളിക്കപ്പെടും. "ജീവനും മരണവും അനുഗ്രഹവും ശാപവും നിങ്ങളുടെ മുൻപിൽ വെച്ചിരിക്കുന്നു എന്നതിനു ഞാൻ ആകാശത്തെയും ഭൂമിയെയും ഇന്നു സാക്ഷി വെക്കുന്നു; അതുകൊണ്ടു നീയും നിന്റെ സന്തതിയും ജീവിച്ചിരിക്കേണ്ടതിനും യഹോവ നിന്റെ പിതാക്കന്മാരായ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും കൊടുക്കുമെന്നു സത്യം ചെയ്ത ദേശത്തു നീ പാർപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ വാക്കു കേട്ടനുസരിക്കയും അവനോടു ചേർന്നിരിക്കയും ചെയ്യേണ്ടതിനും ജീവനെ തിരഞ്ഞെടുത്തുകൊൾക; അതല്ലോ നിനക്കു ജീവനും ദീർഘായുസ്സും ആകുന്നു" (ആവ. 30:19,20).

# ലോകമഹായുദ്ധം മൂന്നാം ഘട്ടമോ?
## WORLD WAR PHASE THREE?

ഒന്നാമത്തെയും രണ്ടാമത്തെയും ലോകമഹായുദ്ധങ്ങളെ തുടർന്ന് ലോകവ്യാപകമായും വലിയതോതിലും ഉണ്ടാകുമെന്ന് സങ്കല്പിക്കപ്പെടുന്ന മൂന്നാമത്തെ സൈനികസംഘർഷത്തെയാണ് മൂന്നാം ലോകമഹായുദ്ധം എന്ന് പേർ വിളിക്കുന്നത്. 1941 മുതലെങ്കിലും ഈ പദം ഉപയോഗിച്ചുവരുന്നു.

"കാവൽക്കാരാ, രാത്രി എന്തായി?... പ്രഭാതവും രാത്രിയും വന്നിരിക്കുന്നു" – യെശ. 21:11,12.

ആ കാലത്ത് [വെളി. 16:18,19 ലെ വലിയ ഭൂകമ്പത്തിന്റെ സമയത്ത്] സ്വജാതിക്കാർക്കു തുണ നില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ [അവരുടെ രക്ഷാനായകനായ ക്രിസ്തുയേശു, എബ്രാ. 2:10] എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം [മത്താ. 24:21 ൽ പറയുന്ന വലിയ കഷ്ടം] ഉണ്ടാകും; അന്നു നിന്റെ ജനം പുസ്തകത്തിൽ എഴുതികാണുന്ന ഏവനുംതന്നെ, രക്ഷപ്രാപിക്കും" (ദാനി. 12:1).

മത്താ. 24:21, "ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും [മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തത്ര ഭയങ്കരമായ] ഇനിമേൽ സംഭവിക്കാത്തതുമായ വലിയകഷ്ടം [സകലജാതികളും ഉൾപ്പെടുന്ന യുദ്ധത്തിന്റെയും കഷ്ടകാലത്തിന്റെയും സമയം. അതിൽ സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവും, മതപരവുമായ പ്രസ്ഥാനങ്ങൾ ഉൾപ്പെടും. അത് എല്ലാവരെയും ബാധിക്കുന്നതും അതിഭയങ്കരവും ആയിരിക്കും] അന്നുണ്ടാകും [ഈ സുവിശേഷ യുഗാവസാനത്തിലും അതിന്റെ കൊയ്ത്തുകാലത്തും]". ഇനി ഒരിക്കൽ കൂടി ആവർത്തിക്കേണ്ട ആവശ്യം ഇല്ലാതെവണ്ണം അത് അത്ര വലുതും പൂർണ്ണവുമായിരിക്കും. ദാനി. 12:1 ലെ പ്രവചനത്തോട് ഈ വാക്കുകൾ നമ്മുടെ കർത്താവ് കൂട്ടിച്ചേർക്കുന്നു. ലോകചരിത്രത്തിലെ ഏറ്റവും വലിയതും അവസാനത്തേതുമായ കഷ്ടകാലം. അതുല്യമായ ഈ അരാചകത്വത്തിന്റെ കാലത്ത് മാനുഷികമായ സകലപ്രത്യാശകളും അഭിലാഷങ്ങളും പൂർണ്ണമായി പരാജയപ്പെടും. ഈ കഷ്ടകാലത്തിന്റെ ഫലം ദൈവിക കരുതലിനാൽ നീതിയുള്ള രാജത്വത്തിന്റെ സ്ഥാപനയോടു കൂടി, ഇനിമേൽ അങ്ങനെ ഒരു കഷ്ടകാലം വീണ്ടും വരേണ്ട ആവശ്യമില്ലാതാക്കി തീർക്കുന്നു.

**യിസ്രായേൽ ശിക്ഷിക്കപ്പെടേണ്ടതാണ് എന്നാൽ അവർ തള്ളപ്പെടുകയില്ല**

'നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെയുണ്ട്' എന്ന് യഹോവയുടെ അരുളപ്പാട്; നിന്നെ ഞാൻ ചിതറിച്ചു കളഞ്ഞ സകല ജാതികളെയും ഞാൻ മുടിച്ചുകളയും; എങ്കിലും നിന്നെ ഞാൻ മുടിച്ചുകളയുകയില്ല; ഞാൻ നിന്നെ ന്യായത്തോടെ ശിക്ഷിക്കും; ശിക്ഷിക്കാതെ വിടുകയില്ലതാനും." (യിര. 30:11)

താൻ തിരഞ്ഞെടുത്തിരിക്കുന്ന ജാതിയെ അവൻ സഹായിക്കും എന്ന് ദൈവത്തിന്റെ വചനം സൂചിപ്പിക്കുന്നു: "നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെയുണ്ട് എന്ന് യഹോവയുടെ അരുളപ്പാട്; നിന്നെ ഞാൻ ചിതറിച്ചു കളഞ്ഞ സകല ജാതികളെയും ഞാൻ മുടിച്ചുകളയും; എങ്കിലും നിന്നെ ഞാൻ മുടിച്ചുകളയുകയില്ല; ഞാൻ നിന്നെ ന്യായത്തോടെ ശിക്ഷിക്കും; ശിക്ഷിക്കാതെ വിടുകയില്ലതാനും." (യിര. 30:11).

ലോകമനുഷ്യരാശിയുടെ എല്ലാ ഭാഗങ്ങളിലും, പ്രത്യേകിച്ച് ഭരണകൂടങ്ങളിൽ ഇരുണ്ടരാത്രി അധിവസിക്കുന്നു എന്നുള്ളത് സമീപകാലത്ത് കാവൽക്കാർ ശ്രദ്ധിക്കുന്നുണ്ട്. 'ഞങ്ങൾക്ക് സഹായം എവിടെനിന്നു വരും?' എന്നു ജനം നിലവിളിക്കുന്നു. ഇത് സോഷ്യലിസത്തിന്റെ തത്വത്തെ മുന്നോട്ടുകൊണ്ടുവരുന്നു. കൂടുതൽ അറിവിനായി നാം 1 രാജാ. 19:11,12 പഠിക്കുക, "നീ പുറത്തുവന്നു പർവ്വതത്തിൽ യഹോവയുടെ മുമ്പാകെ നില്ക്കുക [ഏലിയാവ് ഗണം യഹോവയുടെ പർവ്വതത്തിൽ എത്താതെ ഇപ്പോഴത്തെ സ്ഥാപനങ്ങളുടെ അന്തിമനാശം നടക്കുകയില്ല – യഥാർത്ഥത്തിൽ മാറ്റമുണ്ടായിരിക്കുന്നു] അപ്പോൾ ഇതാ, യഹോവ കടന്നു പോകുന്നു; ശക്തിയുള്ളോരു കൊടുംകാറ്റ് [കലഹത്തിന്റെ കാറ്റ്, മനുഷ്യരാശിയുടെ ശബ്ദമായ യുദ്ധത്തിന്റെ അടയാളം] യഹോവയുടെ മുമ്പിൽ പർവ്വതങ്ങളെ കീറി പാറകളെ തകർത്തു [പരിണിതഫലത്തിന്റെ നിറവേറ്റത്തിന്റെ വിവിധ ചിത്രങ്ങളാൽ യഹോവ

കാണിച്ചു തരുന്നു] എന്നാൽ കാറ്റിൽ യഹോവ ഇല്ലായിരുന്നു; കാറ്റിന്റെ ശേഷം ഒരു ഭൂകമ്പം ഉണ്ടായി [അത് സാമൂഹിക വിപ്ലവത്തെ ചിത്രീകരിക്കുന്നു. യുദ്ധം ആരംഭിക്കുന്നതിനോടുകൂടെ ഇത് ഉണ്ടാവുകയില്ല. എന്നാൽ ഭൂകമ്പം നിലവിൽ ഉള്ളപ്പോൾ തന്നെ യുദ്ധം തുടരുന്നതാണ്]; ഭൂകമ്പത്തിലും യഹോവ ഇല്ലായിരുന്നു [വിപ്ലവത്തിന്റെ അനുഭവങ്ങൾ ദൈവശബ്ദത്തെ കേൾക്കാൻ മനുഷ്യനെ പ്രാപ്തനാക്കുകയില്ല] ലോകത്തിന് ഉണ്ടാകുന്ന ഈ വക യാതൊരു വലിയ അനുഭവങ്ങളിലും ദൈവം വെളിപ്പെടുകയില്ല. എന്നാൽ അവയെല്ലാം ഏദനിലെ ശബ്ദം കേൾക്കുന്നതിനു മനുഷ്യനെ യോഗ്യനാക്കി, തയ്യാറാക്കുന്നതിനു വേണ്ടിയുള്ളതാണ്]".

എന്നാൽ
യഹോവ
കാറ്റിലും....
**(യുദ്ധങ്ങൾ)**
ഭൂകമ്പത്തിലും....
**(സാമൂഹിക വിപ്ലവം)**
തീയിലും
**(അരാജകത്വം)**
ഇല്ലായിരുന്നു
1 രാജാ. 19:11,12

വാക്യം 12: ഭൂകമ്പത്തിനു ശേഷം ഒരു തീ [മതപരമായ ആകാശങ്ങളുടെയും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ഭൂമിയെയും ദഹിപ്പിക്കുന്ന സാദൃശ്യാർത്ഥത്തിലുള്ള തീ അഥവാ അരാജകത്വം, ഉണ്ടാകുമെന്നു വിശുദ്ധ പത്രൊസ് പറയുന്നു. അരാജകത്വത്തിന്റെ അടയാളങ്ങളായ ആകാശത്തുനിന്നുമുള്ള തീയും മിന്നലും ഇപ്പോഴത്തെ കാര്യക്രമങ്ങളെ ദഹിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യും (2 പത്രൊ. 3:10-13) അതാണ് കഷ്ടത്തിന്റെ മൂന്നാമത്തെ ഭാഗം]. തീയിലും യഹോവ ഇല്ലായിരുന്നു [ദഹിപ്പിക്കുന്നതും നശിപ്പിക്കുന്നതും അരാജകത്വവുമായ അഗ്നി യഹോവയായിരുന്നില്ല. പിന്നെയോ താൻ അനുവദിക്കുന്ന മനുഷ്യക്രോധം ആയിരിക്കും]. തീയുടെ ശേഷം സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി [തന്റെ ജനത്തോടു "നിർമ്മല ഭാഷയിൽ" ഇന്നും സംസാരിക്കുന്ന ദൈവവചനത്തിന്റെ ശബ്ദം സെഫ. 3:9; സങ്കീ. 46:10 ലെ "മിണ്ടാതിരുന്നു" എന്നു പറഞ്ഞിരിക്കുന്നതിനു ചേർച്ചയായിരിക്കുന്നു. രാജാവു തക്കസമയത്തു തന്റെ മഹാശക്തി ഉപയോഗിച്ചു അരാജകത്വത്തിന്റെ ഫലത്തിൽ നിന്നും ഉളവാകുന്ന തീയെ കെടുത്തിക്കളയും.

### ലോകവ്യാപകമായ അസംതൃപ്തി

സമ്പദ്ഘടന, വ്യക്തിഗത അവകാശം, ഉയർന്നു വരുന്ന ജീവിത ചെലവ്, പോലീസ് പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ഫണ്ട് വകമാറ്റി ചെലവഴിക്കൽ, ഉയർന്നു വരുന്ന ഗർഭഛിദ്രം എന്നിവയിൽ നിന്നെല്ലാം ഒരുപോലെ അസംതൃപ്തി ജനിക്കുന്നു. അമേരിക്കയിലെ ജനസംഖ്യയുടെ 80% ഈ സർക്കാരിന്റെ അഭിപ്രായ സ്വതന്ത്ര്യത്തിൽ വിശ്വാസമില്ലാത്തവരാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ സാധാരണക്കാരന്റെ ചിന്താഗതിക്കു പ്രാധാന്യം നൽകാതെ തങ്ങളുടെ അജണ്ടയിൽ മാത്രം ശ്രദ്ധിക്കുന്നു എന്ന സൂചനയിൽ നിന്നാണ് ഈ അസന്തുഷ്ടി ഏറെയും ജനിക്കുന്നത്. രാഷ്ട്രീയ ഉന്നതന്മാരോടുള്ള കോപവും സാമ്പത്തിക അസംതൃപ്തിയും, ദ്രുതഗതിയിലുള്ള സാമൂഹിക മാറ്റങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠയും ലോകം മുഴുവനും എല്ലാ പ്രദേശങ്ങളിലും രാഷ്ട്രീയ പ്രക്ഷോഭത്തിനു ആക്കം കൂട്ടി. രാഷ്ട്രീയ പക്ഷം പിടിച്ചു വലതും ഇടതുമായി ഇരുവശങ്ങളിലും ആദർശങ്ങൾക്ക് എതിരായി നേതാക്കന്മാരും പാർട്ടികളും പ്രസ്ഥാനങ്ങളും ഉയർന്നു വരുന്നു. ചില കാര്യങ്ങളിൽ ഇവ അടിസ്ഥാനപരമായ പെരുമാറ്റങ്ങളെയും ലിബറൽ ജനാധിപത്യ പ്രസ്ഥാനങ്ങളെയും വെല്ലുവിളിക്കുന്നതായി കാണുന്നു.

രാഷ്ട്രീയ അസ്ഥിരതയും, അഴിമതിയും പ്രചരണത്തോടുള്ള മമതയും നിലനിൽക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഇതിൽ അമിതമായ ക്രിത്രിമ വാർത്താവിനിമയ സമ്പ്രദായവും പൊതുജനാഭിപ്രായത്തെ നിയന്ത്രിക്കുന്ന ഘടകമായി വരുന്നു. അവസാനമായി ഏപ്രിൽ 2022 ലെ ആഗോള പ്രതിരോധ പ്രവർത്തകരിൽ നിന്നുള്ള വിവരം ഇങ്ങനെ പറയുന്നു: ഇതിൽ 25 ൽ പരം പ്രാമുഖ്യമുള്ള കൊറോണാ വൈറസ് പ്രതിരോധ പ്രവർത്തന സംവിധാനങ്ങൾ നേരിട്ടു ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. സർക്കാർ വിരുദ്ധ പ്രതിക്ഷേധങ്ങളിൽ, പ്രധാനമായും 230 ൽ ഏറെ പ്രതിഷേധങ്ങൾ ലോകമെമ്പാടും പൊട്ടിപ്പുറപ്പെട്ടു കഴിഞ്ഞു. 110 ൽ ഏറെ രാജ്യങ്ങളിൽ കാര്യമായ പ്രതിഷേധം നടന്നുകഴിഞ്ഞു; 78% സ്വേച്ഛാധിപത്യ രാജ്യങ്ങൾക്കും കാര്യമായ പ്രതിഷേധങ്ങൾ നേരിടേണ്ടി വന്നു. ഏറ്റവും നല്ല ഭരണകൂടം ഏതാണ്? എന്ന ചോദ്യത്തിലേക്കു ഇതു നീങ്ങുന്നു. ലോകം അമേരിക്കൻ ഐക്യനാടുകളുടെ ജനാധിപത്യത്തെ പ്രശംസിച്ചത്: (1) ജനങ്ങളാൽ ജനങ്ങൾക്കു

വേണ്ടി പ്രവർത്തിച്ച ഗവൺമെന്റ് ആയതുകൊണ്ടും, (2) ജനാധിപത്യം തീരുമാനമെടുക്കുന്നതിന്റെ ഗുണനിലവാരം മെച്ചപ്പെടുന്നതിനാലും, (3) വ്യത്യസ്തതകളും ഏറ്റുമുട്ടലുകളും കൈകാര്യം ചെയ്യുവാൻ ജനാധിപത്യം ഒരു ക്രമീകരണം മുന്നോട്ടു വയ്ക്കുന്നതിനാലും, (4) പൗരന്മാരുടെ മാന്യതയെ ജനാധിപത്യം ഉയർത്തുന്നതിനാലും ആണ്. എന്നിരുന്നാലും ലോകമനുഷ്യരാശിയെ മുഴുവനായി നോക്കുമ്പോൾ, അവർ തങ്ങളുടെ അനുസരണക്കേടിനാൽ മരണ ശിക്ഷാവിധിയിൻ കീഴിൽ അവിശ്വസ്തരും, ദുഷ്ടരും, സ്വാർത്ഥരും ആയി കിടക്കുന്നു.

സകല മനുഷ്യരും മാനസികമായും ശാരീരികമായും സാന്മാർഗ്ഗികവുമായി പൂർണ്ണരായിരുന്നു എങ്കിൽ, ഓരോ മനുഷ്യനും ദൈവത്തെ ഉന്നതമായ രീതിയിൽ സ്നേഹിക്കുകയും അവന്റെ നിയന്ത്രണങ്ങളെ പരമാവധി പാലിക്കുകയും, തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുകയും ചെയ്തിരുന്നെങ്കിൽ അത്തരം ഒരു ക്രമീകരണങ്ങളിലും യാതൊരു സംഘർഷവും ഉണ്ടാകുമായിരുന്നില്ല. അങ്ങനെയെങ്കിൽ ദൈവത്തിന്റെ ആദ്യപദ്ധതി എന്തായിരുന്നു? ഭൂമിയുടെ ഭരണത്തിനുവേണ്ടി സ്രഷ്ടാവിനുണ്ടായിരുന്ന ആദ്യ പദ്ധതി ജനാധിപത്യ രീതിയിലുള്ളതായിരുന്നു. ഓരോ വ്യക്തികളും പങ്കാളികളാകുന്ന ഒരു ഭരണ വ്യവസ്ഥിതി: തന്റെയും മറ്റുള്ളവരുടെയും നന്മയ്ക്കു വേണ്ടി കൃത്യനിർവ്വഹണം നടത്തുന്നതിന് ഓരോ മനുഷ്യനും സർവ്വാധികാരമുള്ള ഭരണവ്യവസ്ഥ.

ഭൂമിയുടെ മേലുള്ള ഈ ആധിപത്യം മനുഷ്യനു കൽപ്പിച്ചു കൊടുത്തതിൽ യാദൃച്ഛികമായി വന്നു കൂടാൻ ഇടയുണ്ടായിരുന്ന ഒരു അനിശ്ചിതത്വം, ആ ആധിപത്യം എന്നേക്കുമായി തുടരുന്നതു സംബന്ധിച്ചുള്ളതായിരുന്നു. ദൈവികമായി കൽപ്പിച്ചു കൊടുക്കപ്പെട്ട ഈ ഭരണാധിപത്യം നിലനിർത്തുന്നതിന് അതു എപ്പോഴും പ്രപഞ്ചത്തിന്റെ മേൽ പരമാധിപത്യമുള്ള ഭരണാധികാരിയോടുള്ള ഐക്യതയിൽ അനുഷ്ഠിക്കേണ്ടതായിരുന്നു. തന്റെ ഒരു നിയമം ചുരുക്കിപ്പറഞ്ഞിരിക്കുന്നതു സ്നേഹമാണ്: "സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിതന്നെ". "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ആത്മാവോടും, പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം... കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" റോമ. 13:10; മത്താ. 22:37-40.

മനുഷ്യനു കൽപിച്ചു കൊടുത്തത് ഈ വലിയ കൃപയ്ക്കു ദൈവത്തെ സ്തുതിച്ചുകൊണ്ട് ദാവീദ് ഇങ്ങനെ പറയുന്നു: "നീ അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി തേജസും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവർത്തികൾക്കു നീ അവനെ അധിപതിയാക്കി"; (സങ്കീ. 8:5,6). ആദാമിൽ കൂടി മനുഷ്യവർഗ്ഗത്തിനു നൽകിയ ഈ ആധിപത്യമായിരുന്നു ഭൂമിയിലെ ദൈവരാജ്യത്തിന്റെ ആദ്യത്തെ സ്ഥാപന. മനുഷ്യൻ അങ്ങനെ ദൈവത്തിന്റെ പ്രതിനിധിയായി ആധിപത്യം അഭ്യസിച്ചു. എന്നാൽ പരമോന്നത ഭരണാധികാരിയോടുള്ള അനുസരണക്കേടിനാൽ മനുഷ്യൻ തന്റെ ജീവൻ മാത്രമല്ല ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിലുള്ള ഭരണാധിപത്യവും തന്റെ സകല അധികാരങ്ങളും അവകാശങ്ങളും നഷ്ടപ്പെടുത്തി. അവൻ അങ്ങനെ ഒരു എതിർപ്പുകാരനായി സ്ഥാനഭ്രഷ്ടനും മരണത്തിനു വിധിക്കപ്പെട്ടവനുമായി പുറന്തള്ളപ്പെട്ടു. കുറച്ചു കാലത്തേക്കു ഒരു മാതൃകാ ദൈവരാജ്യമായി പ്രവർത്തിച്ചതല്ലാതെ, പിന്നെ പെട്ടെന്നു തന്നെ ഭൂമിയിൽ ദൈവരാജ്യം ഇല്ലാതെയായി. ഏദെനിൽ വച്ച് ജീവിക്കുന്നതിനുള്ള അവകാശവും ആധിപത്യവും അവനു നഷ്ടപ്പെട്ടു എങ്കിലും ഇവയൊന്നും അവനിൽ നിന്നും എടുത്തുമാറ്റിയില്ല. ശിക്ഷവിധിക്കപ്പെട്ട ജീവിതം തുടരുമ്പോൾ ദൈവം അവന്, വിലയ്ക്കു വാങ്ങിയ ആധിപത്യം തിരിച്ച് ലഭിക്കുന്നതു വരെ തന്റെ കഴിവിനനുസരിച്ചു ഭൂമിയിൽ തന്റെ ആധിപത്യം നടത്തുവാൻ അനുവാദം കൊടുത്തു.

എല്ലാവരും പൂർണ്ണരും ദൈവത്തിന്റെ സാദൃശ്യത്തിലും ആയിരുന്നാലും ക്രമീകരണം പാലിക്കപ്പെടേണ്ടതാണ് എന്നു നമുക്കു ഊഹിക്കാൻ കഴിയും. "ക്രമീകരണമാണ് സ്വർഗ്ഗത്തിലെ ആദ്യ നിയമമെങ്കിൽ" ഭൂമിയിലും ആദ്യത്തെ നിയമം അതുതന്നെ ആയിരിക്കും. ഇതു നീതിയുള്ള തത്വങ്ങളെയും അധികാരങ്ങളെയും കാണിക്കുന്നു. അങ്ങനെ ഭൂമിയിലെ ആദ്യത്തെ വിജയകരമായ ജനാധിപത്യ ഭരണമായിരിക്കും അത്. ഓരോരുത്തരെയും ഓരോ രാജാക്കന്മാരായി, മറ്റുള്ള ഓരോരുത്തർക്കും തുല്യരായി, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയെ അല്ലെങ്കിൽ പ്രസിഡണ്ടിനെ ഒരു പ്രഭുവായി കാണാതെ ഒരു ശുശ്രൂഷക്കാരനും സഹരാജാവുമായി കാണുന്ന വ്യവസ്ഥയായിരിക്കും അത്. അല്ലാതെ, സഹരാജാവും സേവകനുമായ

വനെ പ്രഭുവായി കാണുന്നത് വിവിധ അളവിലും നിലകളിലും പരാജയ കാരണമാകും. കാരണം, മാനസികമോ, ശാരീരികമോ, സാന്മാർഗ്ഗികമോ, സാമ്പത്തികമോ അല്ലെങ്കിൽ മറ്റേതെങ്കിലും നിലകളിലുമോ മനുഷ്യർ തുല്യരല്ല. കൂടാതെ ആരുംതന്നെ ആധിപത്യം ഉള്ളവർ എന്ന പദവിക്കു യോഗ്യരല്ലാത്തതിനാൽ ബലഹീനതയെ കണക്കിലെടുക്കുമ്പോൾ സകലരും നിയമത്തിന്റെയും ക്രമീകരണത്തിന്റെയും കീഴിൽ വരേണ്ടതാണ്.

ഭരണകൂടങ്ങളിലും വലിയ കോർപറേഷനുകളിലും, ബാങ്കിങ് മേഖലകളിലും, വ്യാപാര സ്ഥാപനങ്ങളിലും നിയമനിർമ്മാണത്തിലും മറ്റുള്ള ജനങ്ങളുടെ അവിശ്വാസവും, ഒരു ന്യൂനപക്ഷത്തിന്റെ താത്പര്യങ്ങൾക്കു വേണ്ടി ജനങ്ങളെ ചൂഷണം ചെയ്യുന്നതിൽ നിന്നു രാക്ഷസ സ്ഥാപനങ്ങളെ തടയുന്നതിനു വേണ്ടി നടപ്പിലാക്കിയിട്ടുള്ളതും ഇനി നടപ്പിലാക്കുവാൻ പോകുന്നതുമായ നിയമങ്ങളുടെ പരാജയത്തിലുള്ള അസന്തുഷ്ടിയുമെല്ലാം നിലനിൽക്കുന്നു. ദൈവത്തിനു ഈ കാര്യങ്ങളെല്ലാം അറിയാമോ? അവയെക്കുറിച്ചു ദൈവം എന്താണ് ചെയ്യുവാൻ പോകുന്നത്? അവൻ സഹസ്രാബ്ദ അനുഗ്രഹങ്ങൾ നൽകും. എന്നാൽ മനുഷ്യൻ തന്റെ സ്വന്ത ജ്ഞാനത്തിലും പ്രയത്നത്തിലുമാണ് പ്രകൃതിയുടെ രഹസ്യങ്ങളെ മനസ്സിലാക്കിയെടുത്തത് എന്നു കരുതി ദൈവത്തെ പൂർണ്ണമായും മറന്നു കളയുമോ? അവർ അതിൽ അതൃപ്തരാകുമോ? ബൈബിൾ പരാമർശിച്ചിരിക്കുന്നതനുസരിച്ചു നാം ഇന്ന് ഈ കാര്യങ്ങളെ എങ്ങനെ കാണുമെന്ന് ഇന്നത്തെ അവസ്ഥകളെക്കുറിച്ചു ദൈവം മുൻകൂട്ടി കണ്ടിരുന്നു. നമ്മുടെ പാഠത്തിൽ ദൈവം അതിനു വ്യക്തമായ വിശദീകരണം നൽകുന്നുണ്ട് – തിരുവെഴുത്തിൽ ഒഴികെ മറ്റൊരിടത്തും ഈ പദ്ധതിയെക്കുറിച്ച് വിശദമായി പറയുന്നില്ല. പ്രവാചകനിൽ കൂടി ദൈവം ഇരുണ്ട രാത്രി വരുന്നതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു – പ്രഭാതവെളിച്ചം വരുന്ന സൂര്യോദയ സമയത്തെ ഇരുണ്ട ധൂമപടലം. ഈ ഇരുണ്ട നാഴികയെ കുറിച്ചു ദാനിയേലിന്റെ പ്രവചനത്തിലും വിവരിച്ചിരിക്കുന്നു. നമ്മുടെ കർത്താവായ യേശു ഇതിനെക്കുറിച്ചു, ഒരു ജാതി ഉണ്ടായതു മുതൽ ഇന്നേ വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലനാൾ എന്നു പറയുന്നു.

കഷ്ടകാലത്തിന്റെ അടുത്ത ഘട്ടം ഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തതും വലുതും ഭയങ്കരവുമായ ഒരു ഭൂകമ്പം ആയിരിക്കും എന്നു ബൈബിൾ പറയുന്നു, വെളി. 16:18. ഇത് അക്ഷരാർത്ഥത്തിൽ ഉള്ളതല്ല, മറിച്ചു സാദൃശ്യാർത്ഥത്തിലുള്ള ഭൂകമ്പമാണ് – വിപ്ലവമാണ്. പിന്നീട് കഷ്ടകാലത്തിന്റെ മൂന്നാം ഘട്ടം – എല്ലാറ്റിലും ഏറ്റവും ഇരുണ്ടത് – നമ്മുടെ ഇപ്പോഴത്തെ സംസ്കാരത്തെ പൂർണ്ണമായും നശിപ്പിക്കുന്നതുമായ സാദൃശ്യാർത്ഥത്തിലുള്ള അരാജകത്വമാകുന്ന തീയാണ്. ഏറ്റവും കഠിനമായ കഷ്ടകാല സമയത്തിന്റെ മദ്ധ്യത്തിൽ മശിഹാ മഹാരാജാവു തന്റെ മഹാശക്തി ഉപയോഗിച്ചു മാനുഷിക ക്രോധമാകുന്ന കോപിഷ്ഠ കടലിന്റെ തിരമാലകളെ, അരാജകത്വമാകുന്ന തീയെ എല്ലാം കെടുത്തിക്കളയുകയും മശിഹാമഹാരാജാവിന്റെ നീതിയുടെയും സമാധാനത്തിന്റെയും വാഴ്ച ആരംഭിക്കുകയും ചെയ്യും.

**ഒരു കഷ്ടകാല നാൾ**

"ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നു ഉണ്ടാകും" മത്തായി 24:21.
"ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും" (ലൂക്കൊ. 21:26).
"സമാധാനം ഇല്ലാതിരിക്കെ സമാധാനം, സമാധാനം എന്നു പറയുന്നു" (യിരെ. 6:14; 8:11).

## പ്രതിഷേധങ്ങൾ ലോകമെമ്പാടും വർദ്ധിച്ചു വരുന്നു

സമ്മേളനങ്ങളെ നിയന്ത്രിക്കുവാൻ ഭരണകൂടങ്ങൾ അനുശാസിച്ച കർശന നിയന്ത്രണങ്ങളും മറ്റ് ഏർപ്പാടുകളും ഉണ്ടായിരുന്നിട്ടും 2019 ൽ നിന്നു 2020 ആയപ്പോഴേക്കും പ്രകടനങ്ങളുടെ എണ്ണം 7% വർദ്ധിച്ചു എന്നു ദി ആംഡ് കോൺഫ്ലിക്റ്റ് ആന്റ് ഇവന്റ് ഡാറ്റ പ്രൊജക്റ്റുകളുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ദരിദ്ര രാഷ്ട്രങ്ങളിലും സമ്പന്ന രാഷ്ട്രങ്ങളിലും ഒരുപോലെ തുടർന്നും വർദ്ധിച്ചു വരുന്ന പ്രതിഷേധങ്ങളെ കോവിഡ് മഹാമാരിയുടെ അനന്തരഫലമായി ചിത്രീകരിക്കാൻ ആവില്ല. വരുമാന നില

വാരവും, വിവിധ തരം സർക്കാരും ഭൗമ രാഷ്ട്രീയ പ്രാധാന്യമുള്ള രാഷ്ട്രീയക്കാരും ഒരേ സമയം പ്രതിഷേധങ്ങൾ ഉണ്ടാകുന്നത് ആഴമേറിയ നിരാശയായ ഭരണകൂടങ്ങളും ജനങ്ങളും തമ്മിലുള്ള ബന്ധത്തെ ആകൃതിപ്പെടുത്തുന്ന കരാറിലുള്ള വിശ്വാസക്കുറവിനെ കാണിക്കുന്നവയാണ്. ലളിതമായി പറഞ്ഞാൽ ഇന്നത്തെ ഭരണകൂടങ്ങൾക്കു പ്രാതിനിത്യമുള്ള ഫലപ്രദമായ ഭരണത്തെ നൽകിത്തരുവാൻ കഴിയുന്നില്ല.

പ്രതിഷേധങ്ങളുടെ വർദ്ധനവ് മഹാമാരിക്കു മുമ്പുതന്നെ ലോകവ്യാപകമായി ആരംഭിച്ചിരുന്നു. 2008 ലെ സാമ്പത്തിക തകർച്ചയെ തുടർന്നു രൂപപ്പെട്ട വാൾസ്ട്രീറ്റ് മൂവ്മെന്റും അറബ് സ്പ്രിങ് മൂവ്മെന്റും പോലുള്ളവ ശീതയുദ്ധത്തെ തുടർന്നു ഭരണകൂടങ്ങളും ജനങ്ങളും തമ്മിലുള്ള സാമൂഹിക കരാറിനെക്കുറിച്ചു അടിസ്ഥാനപരമായ പുനർചിന്തനം ആവശ്യപ്പെട്ടു. 1990 ൽ പ്രസിഡന്റ് ജോർജ് എച്ച്. ഡബ്ല്യു. ബുഷ് പുതിയ ലോകക്രമീകരണം പ്രഖ്യാപിച്ചതു മുതൽ, വിപണി കേന്ദ്രീകരിച്ച പോളിസികൾ ആഗോളമായ അഭിവൃദ്ധിയിലേക്കും സമാധാനത്തിലേക്കും നയിക്കും എന്ന ആശയത്തിൽ അടിസ്ഥാനപ്പെട്ടിരുന്നു.

രാഷ്ട്രീയവും സാമ്പത്തികവുമായി ഉയർന്നു വന്ന പ്രതിഷേധങ്ങളുടെ ഫലമായി ഗവൺമെന്റിന്റെ പൗരന്റെ അടിസ്ഥാന അവകാശങ്ങളെ വിലമതിക്കയും, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരത്തെ പരിഗണിക്കയും ചെയ്യേണ്ടി വന്നു. സാമ്പത്തിക അധികാരവും പൊതുമേഖലയുടെ സ്വാകര്യവത്ക്കരണം പോലുള്ള അധികാര സ്വാധീനങ്ങളും ഉപയോഗിച്ചു സ്വേച്ഛാധിപത്യപരമായി നടത്തിയ പ്രവർത്തനങ്ങൾ കൂടുതൽ സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടാക്കി.

ഭൂരിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് ഇടത്തരക്കാരെയും പാവപ്പെട്ടവരേയും സേവിക്കുന്നതിനുള്ള ആധുനിക ഭരണകൂടങ്ങളുടെ കഴിവുകേട് നിരാശ വർദ്ധിപ്പിച്ചു. ഈ പരാജയം കുത്തകകളുടെയും, കോർപറേഷനുകളുടെയും വർദ്ധനവിനും, രാഷ്ട്രീയ ശക്തിയും കാലാവസ്ഥാ വ്യതിയാനവും രൂക്ഷമാകുന്ന ഈ കാലത്തു, സാമ്പത്തിക അരാജകത്വത്തിനും പോരാളികളുടെ അനിയന്ത്രിതമായ വർദ്ധനവിനും കാരണമാകുന്നു.

**അന്ധകാരത്തിന്റെ അന്ത്യനാൾ**

"ഇരുട്ടും അന്ധകാരവുമുള്ളൊരു ദിവസം; മേഘവും കൂരിരുട്ടും ഉള്ളൊരു ദിവസം തന്നെ പർവ്വതങ്ങളിൽ പരന്നിരിക്കുന്ന പ്രഭാതം പോലെ പെരുപ്പവും ബലവുമുള്ളൊരു ജാതി; അങ്ങനെയുള്ളത് പണ്ട് ഉണ്ടായിട്ടില്ല; ഇനി മേലാൽ തലമുറതലമുറയായുള്ള ആണ്ടുകളോളം ഉണ്ടാകയുമില്ല (യോവേ. 2:2).

**ഒരു ചോദ്യം ഉയരുന്നു**

ലോകയുദ്ധത്തിനു ഒരു മൂന്നാം ഘട്ടം ഉണ്ടാകുമോ? പുട്ടിന്റെ യുദ്ധശ്രമങ്ങൾ ഈ മൂന്നാം ഘട്ടത്തിനു ഉത്തേജനം നൽകുന്നതാണോ?

ഈ പ്രസ്ഥാനം അനിശ്ചിതത്വത്തിൽ നിലനിൽക്കുന്നു. എന്നാൽ നമ്മുടെ പ്രവണത ഒരു മൂന്നാം ലോകമഹായുദ്ധത്തോടു യോജിക്കുന്നതല്ല. ഐക്യരാഷ്ട്രങ്ങളിലൂടെ സമാധാനം തേടുന്ന ഭൂരിഭാഗം രാഷ്ട്രങ്ങളും തളർന്നിരിക്കുന്ന അവസ്ഥയിലാണ്. ദൈവത്തിന്റെ സമർപ്പിത മക്കൾ എന്ന നിലയിൽ നാം, നമ്മുടെ ശ്രമവും കരുതലും ഐക്യരാഷ്ട്രങ്ങളിലല്ല കർത്താവിലാണ് ഭരമേൽപ്പിച്ചിരിക്കുന്നത്. യോവേൽ 2:2 ൽ കഷ്ടകരമായ കാലങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നു, "ഇരുട്ടും അന്ധകാരവുമുള്ള ദിവസം; മേഘവും കൂരിരുട്ടുമുള്ള ദിവസം തന്നെ; പർവ്വതങ്ങളിൽ പരന്നിരിക്കുന്ന പ്രഭാതം പോലെ". ഇവിടെ ചെരിച്ച് എഴുതിയിരിക്കുന്ന വചനത്തിൽ എത്രമാത്രം ആശ്വാസവും സാന്ത്വനവുമാണ് വിശ്വാസിക്കു ലഭിക്കുന്നത്! "ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ടു മനുഷ്യർ നിർജ്ജീവന്മാരാകും" (ലൂക്കൊ. 21:26), എന്നതുകൊണ്ടു എല്ലാ കൈകളിലും കരിവരകൾ നാം കാണുന്നു. "സമാധാനം ഇല്ലാതിരിക്കെ, സമാധാനം സമാധാനം" (യിരെ. 6:14; 8:11) എന്നു രാജ്യങ്ങൾ പറയുന്നതു നാം കേൾക്കുന്നു. കൂടാതെ, ഏതു കരങ്ങളെയും ഏതു ഭീഷണിയെയും തകർത്തുകളയുമെന്നുള്ള ലോകവ്യാപക ഭീഷണി [ദൈവം അതു അനുവദിക്കുകയില്ല – മത്താ. 24:22; മർക്കൊ. 13:20] ഇന്നുവരെ സങ്കൽപ്പിക്കുവാൻ കഴിയാത്ത തരത്തിൽ വിതയ്ക്കാൻ കഴിയുന്ന മാരകായുധങ്ങൾ കൊണ്ടുള്ള മനുഷ്യരാശിയുടെ പൂർണ്ണ നാശമെന്ന ലക്ഷ്യം നാം കാണുന്നു. അതു ദൈവം അനുവദിക്കുക

യില്ല. എന്നാൽ ഈ സമയത്ത് "യഹോവക്കു ജാതികളോടുള്ള വ്യവഹാരത്തെക്കുറിച്ച്" (യിരെ. 25:31) അറിയുന്നത് ആത്മപ്രകാശിതനും വിശ്വസിക്കുന്നവനുമായ ഒരു ദൈവപൈതലിനു എത്ര ആശ്വാസമാണ്, "ഇരുട്ടും അന്ധകാരവുമുള്ള ദിവസം" ഭൂമിയിലെ ദുഷ്ടതയുടെ വാഴ്ചയുടെ ആരംഭമല്ല അവസാനമാണ്. ഈ അന്ധകാരം "പർവ്വതങ്ങളിൽ [ഈ ലോകരാജ്യങ്ങളിൽ] പരന്നിരിക്കുന്ന [സഹസ്രാബ്ദ] പ്രഭാതം പോലെ ആയിരിക്കും" (യോവേ. 2:2).

യെശയ്യാ പ്രവാചകൻ ഇങ്ങനെ പറയുന്നു (21:12), "പ്രഭാതം പോലെ രാത്രിയും വരുന്നു". ഇത് ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ഒരു കാഴ്ചപ്പാടു നൽകുന്നു. ഇവിടെ ദൈവം നമ്മോടു ഇപ്പോൾ ഭൂമിയിൽ നിലവിലിരിക്കുന്ന കുഴപ്പത്തിന്റെ അന്ധകാര രാത്രിയെക്കുറിച്ചു പറയുന്നു. 6000 ൽ പരം വർഷത്തെ പാപവാഴ്ചയുടെ രാത്രി ഇതിനോടകം തന്നെ അവസാനിച്ച് ഏഴാമത്തെ 1000 വർഷ ദിവസമാകുന്ന സഹസ്രാബ്ദം, അതിന്റെ പ്രഭാതം നന്നായി ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ഈ മഹാകുഴപ്പകാലം, പുതിയ ദിവസാരംഭത്തിന്റെ സൂര്യോദയത്തിങ്കലെ ഇരുണ്ട കാർമേഘപടലം പോലെയാണ്. "സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും; ഉഷസിങ്കലോ ആനന്ദഘോഷം വരുന്നു" (സങ്കീ. 30:5)!

പൊതുവെയുള്ള ആശയങ്ങൾ അല്ലാതെ വരുന്ന വർഷത്തിൽ നമുക്കു എന്തു സംഭവിക്കുമെന്നു നാം അറിയുന്നില്ല, അതറിയാൻ നാം ആഗ്രഹിക്കുന്നുമില്ല. "യഹോവയുടെ സഖിത്വം (ദൈവത്തിന്റെ ആഴമേറിയ കാര്യങ്ങൾ, തന്റെ മഹത്തായ ഉദ്ദേശ്യവും അതു പൂർത്തീകരിക്കുന്നതിനുള്ള പദ്ധതിയും] തന്റെ ഭക്തന്മാർക്കു [തന്നെ ഭയപ്പെടുന്നവർക്കു] ഉണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു" (സങ്കീ. 25:14). "കാഴ്ചയാലല്ല വിശ്വാസത്താലത്രേ നടക്കുന്നത്" (2 കൊരി. 5:7), എന്നതുകൊണ്ട് തങ്ങൾക്കുണ്ടാകുന്ന എല്ലാ അനുഭവങ്ങളുടെയും വിശദാംശങ്ങൾ തന്റെ ജനം മുൻകൂട്ടി അറിയേണ്ടതു ആവശ്യമെന്നോ, അല്ലെങ്കിൽ പ്രവചനങ്ങളുടെ നിവൃത്തി സംബന്ധിച്ചുള്ള വിശദാംശങ്ങളെല്ലാം മുൻകൂട്ടി അറിയേണ്ടതാവശ്യമെന്നോ ദൈവം വിചാരിക്കുന്നില്ല. പ്രവചനത്തിന്റെ പൊതുവായ നിവൃത്തി നാം തിരിച്ചറിയുന്നത് തന്നെ തികച്ചും മതിയായതായി ദൈവം കണക്കാക്കുന്നു എന്നതിനു തെളിവാണ്.

നാം വിവിധ പ്രവചനങ്ങളുടെ നിവൃത്തികൾ ദർശിച്ചുകൊണ്ടിരിക്കുന്ന ഈ കാലം ലോകവ്യാപകമായ മഹാകഷ്ടകാലനാളിന്റെ സമയമാണെന്നു തിരുവെഴുത്തുകളിലും കാലലക്ഷണങ്ങളിലും ശ്രദ്ധാലുവായ പഠിതാവ് മനസിലാക്കുന്നു. സാത്താന്യ സാമ്രാജ്യത്തിന്റെ ഇപ്പോഴത്തെ ക്രമീകരണം നശിക്കയും (ഗലാ. 1:3,4; 2 പത്രൊ. 3:7,11) നീതിയും സ്നേഹവും (അനീതിക്കും സ്വാർത്ഥതക്കും പകരമായി) നിയമമായിരിക്കുന്ന പുതിയ ക്രമീകരണം ജനിക്കുന്നതുവരെ ഈ കഷ്ടകാല നാൾ തുടർന്നുകൊണ്ടിരിക്കും.

ഇടവിട്ടുള്ള കാലങ്ങളിലെ ചില വർഷങ്ങളിൽ നമുക്ക് ഭാഗികമായ ആശ്വാസം ലഭിച്ചു. എന്നാൽ ഇപ്പോൾ പഴയ കാര്യങ്ങൾ മറ്റൊരു തിന്മയുടെ രൂപത്തിൽ ഭയാനക കഷ്ടം വരുത്തുന്നു. ഈ അതിഭയങ്കര ഏറ്റുമുട്ടലുകളും അതോടനുബന്ധിച്ചുണ്ടാകുന്ന പീഡാനുഭവങ്ങളും തീർച്ചയായും സകല മനുഷ്യജാതിയുടെയും മേൽ കഷ്ടത്തിന്റെ കരിനിഴൽ മൂടുപടം പോലെ വീഴ്ത്തി ജനങ്ങളെയും രാഷ്ട്രങ്ങളെയും പരിഭ്രാന്തരാക്കി വിറപ്പിക്കും (ഇതുണ്ടായാൽ പിന്നെ ആരും ഇതിൽ നിന്നും രക്ഷപെടുകയില്ല – സെഫ. 3:8). ഇവിടെ ലോകത്തിന്റെ മേൽ വരുവാനുള്ള അനിയന്ത്രിതമായ ആപത്ഘട്ടങ്ങളുടെ ഒരു പൊതുവായ ദർശനം ലഭിക്കുന്നു (ലൂക്കൊസ് 21:25-27).

പിൻവരുന്ന യുദ്ധത്തെക്കുറിച്ചു അതിനു മുൻപു പറഞ്ഞുകേട്ട ചില പേരുകൾ: അവ പരിചിതമായ പേരുകളായ, "ഒന്നാം ലോകമഹായുദ്ധം", "ലോകമഹായുദ്ധം I" എന്നിവയാണ്. 1939 ൽ പുതിയൊരു യുദ്ധം ഉണ്ടാകുന്നതുവരെ ഒന്നാം യുദ്ധം, രണ്ടാം യുദ്ധം എന്നീ പേരുകളുടെ ആവശ്യം വന്നില്ല. എന്നാലും "രണ്ടാം ലോകമഹായുദ്ധം" "ലോകയുദ്ധം II" എന്നീ പേരുകൾ സംഘർഷം പൊട്ടിപ്പുറപ്പെടുന്നതിനു മുൻപായി 1930 കളിൽ പ്രയോഗിക്കാൻ തുടങ്ങി. തത്വത്തിൽ ജർമനിക്കു ദുർഘടമായ സമാധാനം മുന്നോട്ട് വച്ച അമേരിക്കൻ വക്താക്കൾ 1918 ൽ തന്നെ ഒരു യുദ്ധഭീതി ജനിപ്പിച്ചിരുന്നു. "ഒരു രണ്ടാം ലോകമഹായുദ്ധത്തിനുള്ള വീര്യം" പകർന്നിരുന്നു.

എന്നാൽ "ലോകമഹായുദ്ധം II" എന്ന പേര് പ്രസിദ്ധമാകാൻ സമയം എടുത്തു. പ്രതിസന്ധിയുടെ സമയത്ത് യൂറോപ്പ്യന്മാർ യുദ്ധത്തെ ഒരു സംഖ്യകൊണ്ടു പരാമർശിച്ചിരുന്നില്ല. വിൻസെന്റ് ചർച്ചിലിന്റെ 1940 ലെ ഒരു പ്രസിദ്ധമായ പ്രസംഗത്തിൽ

“ഏറ്റവും അധികവും ഏറ്റവും ചുരുക്കവുമായി കടപ്പെട്ടിരിക്കുന്ന മറ്റൊരു മാനുഷസംഘർഷം ഉണ്ടായിരുന്നില്ല” എന്നു പ്രഖ്യാപിച്ചത് “ലോകമഹായുദ്ധത്തിന്റെ വേലിയേറ്റം മാറ്റിയ ബ്രിട്ടീഷ് വ്യോമസേനാ ഉദ്യോഗസ്ഥരെ അഭിനന്ദിച്ചുകൊണ്ടുള്ളതായിരുന്നു. 1945 നു ശേഷം മാത്രമാണ് “ലോകമഹായുദ്ധം II” എന്ന പ്രയോഗം പാശ്ചാത്യ ബോധത്തിൽ അടിസ്ഥാനമായി ഉറപ്പിക്കപ്പെട്ടത്.

മൂന്നാം ലോകമഹായുദ്ധം എന്ന ആശയം, രണ്ടാം ലോകമഹായുദ്ധ ശേഷമാണ് ഉയർന്നു വന്നത്. 1944 ൽ വില്യം ഷിറർ, റെക്സ് സ്റ്റൗട്ട്, എമിൽ ലുഡ്വിഗ് എന്നിവർ ഉൾപ്പെട്ട അമേരിക്കയുടെയും യൂറോപ്യൻ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും വിഖ്യാതരായ ഒരു നിര, യുദ്ധാനന്തര ജർമ്മനിയിൽ ദുർഘടമായ സമാധാന ഉടമ്പടി ഏർപ്പെടുത്താൻ യു.എസ്. സർക്കാരിനെ പ്രേരിപ്പിച്ചു. അര നൂറ്റാണ്ടിനുള്ളിൽ മൂന്നാം ലോകമഹായുദ്ധം തടയുന്നതിനായി സൊസൈറ്റി ഫോർ ദി പ്രിവൻഷൻ ഓഫ് വേൾഡ് വാർ III സ്ഥാപിച്ചു.

1945 നു ശേഷം സമാനമായ ഭയാശങ്കകളുടെ ധ്വനികൾ പല ഘട്ടങ്ങളിലും ഉണ്ടായി: ശീതയുദ്ധത്തിന്റെ പല മുനകൾ - കൊറിയൻ യുദ്ധം, ക്യൂബൻ മിസൈൽ പ്രതിസന്ധി, വിയറ്റ്നാം യുദ്ധം മുതലായവ – ഈ ഭൂമി ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ വക്കിലാണെന്ന ഭയം പത്രപ്രവർത്തകർ പ്രകടിപ്പിച്ചു. 1980 ൽ സോവിയറ്റ് യൂണിയൻ അഫ്ഗാനിസ്ഥാനെ ആക്രമിച്ചപ്പോൾ “ഇത് മൂന്നാം ലോകമഹായുദ്ധം ആയിരിക്കാം” എന്ന തലക്കെട്ടോടെ പത്രങ്ങൾ പരിഭ്രമജനകമായ വാർത്ത പ്രസിദ്ധീകരിച്ചത് ഇതിനൊരു ഉദാഹരണമാണ്.

**ഇരുട്ടിന്റെ ദിവസത്തിലെ ആശ്വാസം**

ഈ “ഇരുട്ടിന്റെയും അന്ധകാരത്തിന്റെയും ദിവസം”, തുടക്കമല്ല, എന്നാൽ അത് ഭൂമിയിലെ തിന്മയുടെ ഭരണത്തിന്റെ അവസാനമാണ്. എന്നാൽ ഈ സമയം ദൈവത്തിന് “ജാതികളുമായുള്ള വ്യവഹാരത്തിന്റേത്” (യിരെ. 25:31) ആണെന്നറിയുന്നത് പ്രബുദ്ധനും വിശ്വാസിയുമായ ദൈവപൈതലിനു എത്ര ആശ്വാസമാണ്. “പർവ്വതങ്ങളിൽ [ഈ ലോകരാജ്യങ്ങളിൽ] പരന്നിരിക്കുന്ന [സഹസ്രാബ്ദ] പ്രഭാതം പോലെ” (യോവേൽ 2:2)

ഈ ഭയങ്ങളൊന്നും ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. ഇന്നുവരെ, “മൂന്നാം ലോകമഹായുദ്ധം” ഒരു ചരിത്ര പുസ്തകത്തിലും ഒരു യാഥാർത്ഥ്യമായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇത് ഇന്നും ഒരു സംഭവിക്കാവുന്ന പേടിസ്വപ്നമായി അവശേഷിക്കുന്നു.

**ഊഹിക്കാവുന്ന ഭാവി സംഭവപരമ്പര**

മൂന്നാം ലോക മഹായുദ്ധം “ലോകമെമ്പാടുമുള്ള പല രാജ്യങ്ങളിൽ നിന്നുമുള്ള വലിയ ശക്തികൾ പോരാടുന്ന ഒരു യുദ്ധവും ലോകത്തിലെ മിക്ക പ്രധാന രാജ്യങ്ങളും ഉൾപ്പെടുന്ന ഒരു യുദ്ധവും” ആയിരിക്കുമെന്നു ഭൂരിഭാഗം ചരിത്രകാരന്മാരും കരുതുന്നു. ഇരു ഭാഗത്തുനിന്നും കക്ഷിചേർന്നുള്ള നടപടി ഉണ്ടാകാതിരുന്നതുകൊണ്ടായിരുന്ന ശീതയുദ്ധത്തിന് അതിന്റെ പേര് വന്നത്. ഒരു ആണവയുദ്ധം മനുഷ്യരാശിയെ നശിപ്പിക്കുമെന്ന ഭയം മൂലമാണ് അത്തരം നടപടികൾ ഉണ്ടാകാതിരുന്നത്. ഒരു ആണവ ഏറ്റുമുട്ടലിന്റെ സാധ്യത അന്തിമമായി ഒഴിവാക്കുവാൻ മനുഷ്യരാശിയെ സഹായിച്ചത് മൂന്നാം ലോകമഹായുദ്ധമായിരുന്നില്ല. മറിച്ച് 1940 കൾ മുതൽ 1991 വരെ രണ്ട് മഹാശക്തികളായ അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ നടന്ന ശീതയുദ്ധമായിരുന്നു എന്നു ബിൽ യെൻ ശീതയുദ്ധത്തിന്റെ രഹസ്യ ആയുധം എന്ന തന്റെ പുസ്തകത്തിൽ പറയുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനം ആണവായുധങ്ങൾ പ്രയോഗിച്ചതിനെക്കുറിച്ച് 1949 ൽ, മൂന്നാം ലോകമഹായുദ്ധത്തിന്റെ ഏതു ഫലവും മനുഷ്യരാശിയെ ശിലായുഗത്തിലേക്കു തിരിച്ചു കൊണ്ടുവരുവാൻ അതു ഇടയാക്കുമെന്നു ഭൗതിക ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റൈൻ അഭിപ്രായപ്പെട്ടു. “മൂന്നാം ലോകമഹായുദ്ധത്തിൽ എന്ത് ആയുധങ്ങൾ ഉപയോഗിച്ചാണ് പോരാടുകയെന്ന് എനിക്ക് അറിയില്ല, എന്നാൽ നാലാം ലോകമഹായുദ്ധത്തിൽ വടികളും കല്ലുകളും ഉപയോഗിച്ചു പോരാടും” എന്നു ഐൻസ്റ്റൈൻ മുന്നറിയിപ്പു നൽകി.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള ഉയർന്നു വരുന്ന പുതിയ സാങ്കേതിക വിദ്യകൾ വരും ദശകങ്ങളിൽ അപകട സാധ്യത സൃഷ്ടിക്കുമെന്ന്

ഊഹിക്കാം. ഗവേഷണത്തിലൂടെയും വിശകലനത്തി ലൂടെയും നയവും തീരുമാനമെടുക്കലും മെച്ചപ്പെടു ത്താൻ സഹായിക്കുന്ന ലാഭരഹിത സ്ഥാപനമാണ് RAND കോർപറേഷൻ. ആർട്ടിഫിഷ്യൽ ഇന്റലിജ ൻസും അനുബന്ധ വിവര സാങ്കേതിക വിദ്ധ്യയും

**സാത്താൻ, ഈ ദുഷ്ടലോകത്തിന്റെ പ്രഭുവും ദൈവവും ആകുന്നു**

അവന്റെ പാപകരമായ വഞ്ചനയും,
അതുപോലെ അവന്റെ ദുഷിച്ച കൂട്ടാളികളും,
വീഴ്ച ഭവിച്ച ദൂതന്മാരും, ശാരീരികമായും
മാനസികമായും, സാന്മാർഗ്ഗികമായും,
മതപരമായും മനുഷ്യരാശിയെ വഷളാക്കുകയും
വഴിതെറ്റിക്കുകയും ചെയ്യു;
അവൻ അദൃശ്യനെങ്കിലും തന്റെ പ്രജകളെ
ഇന്നുവരെ തന്റെ കൈപ്പിടിയിലൊതുക്കി
നിർത്തിയിരിക്കുന്നതു തന്റെ രാജ്യത്തിന്റെ
(സാമ്രാജ്യത്തിന്റെ) മൂന്നു ഘടകങ്ങൾ വഴിയാണ്
(1) വ്യാജമതങ്ങൾ (2) കൊള്ളക്കാരായ
പ്രഭുക്കന്മാർ (3) ക്രൂരമായ ഭരണകൂടങ്ങൾ

**അവന്റെ സാമ്രാജ്യത്തിന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു!**

"അടുത്ത കാൽ നൂറ്റാണ്ടിൽ ആണവ സുരക്ഷാ പ്രശ്നത്തിൽ വലിയ സ്വാധീനം ചെലുത്തും" എന്നു ഒരു റിപ്പോർട്ട് തെളിയിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് "രണ്ടാം വിക്ഷേപണ" സ്ഥാനങ്ങളെ അന്വേഷിച്ചു കണ്ടെത്തുന്നതിനും അവയെ നശിപ്പി ക്കുന്നതിനും കഴിവുള്ളവയായിരിക്കും. വിക്ഷേപിക്ക ണമോ എന്നു തീരുമാനിക്കാൻ ഉപയോഗിക്കുന്ന ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങളിലും ആർട്ടിഫിഷ്യ ൽ ഇന്റലിജൻസ് ഉൾപ്പെടുത്തുന്നത്, ഒരു വിക്ഷേ പണം ശുപാർശ ചെയ്യുന്നതിന് ഒരു മൂന്നാം കക്ഷി അത്തരം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അൽഗോ രിതങ്ങളെ പ്രതികൂലമായി ചൂഷണം ചെയ്യുവാനുള്ള സാധ്യത ഉൾപ്പെടെയുള്ള പുതിയ അപകട സാദ്ധ്യത കൾ സൃഷ്ടിക്കും. വളർന്നു വരുന്ന ചില സാങ്കേതിക വിദ്യകൾ "ലോക ആധിപത്യത്തിലേക്കു" നയിക്കുന്ന അസ്ഥിരതകൾ ഉണ്ടാക്കുന്നു എന്ന ഒരു ധാരണയും ഉണ്ടായേക്കാം. ഉദാഹരണത്തിന് ഇത് ഒരു മുൻകൂർ യുദ്ധഭയത്തിലേക്കു നയിച്ചേക്കാം. ഈ പ്രവണതക ൾ ഒരു മൂന്നാം ലോകമഹായുദ്ധത്തിന്റെ സൈബർ സാദ്ധ്യതയെ സൂചിപ്പിക്കുന്നു. ശത്രുവിന്റെ കമാന്റ് ആന്റ് കൺട്രോൾ സംവിധാനങ്ങൾ, മുന്നറിയിപ്പു സം വിധാനങ്ങൾ, സൈന്യവിന്യാസ ശാസ്ത്രം, ഗതാഗതം എന്നിവയിൽ മാറ്റം വരുത്തുവാനുള്ള വഴികൾ ഉൾപ്പെടെയുള്ള സൈബർ തന്ത്രങ്ങൾ ലോകത്തിലെ മുൻനിര സൈനികർ വികസിപ്പിക്കുന്നു.

### നമ്മുടെ കാലത്തു നിലനിൽക്കുന്ന ചില വസ്തുതകൾ

ആധുനിക കാലത്ത് ഒൻപതു രാജ്യങ്ങൾ - യു.എസ്., റഷ്യ, ഫ്രാൻസ്, ചൈന, യു.കെ., പാ ക്കിസ്ഥാൻ, ഇന്ത്യ, യിസ്രായേൽ, ഉത്തര കൊറിയ എന്നിവയ്ക്കു ഏകദേശം 12,700 ആണവ യുദ്ധകോ പ്പുകൾ (പോർമുനകൾ) ഉണ്ടെന്നു കണക്കാക്കപ്പെ ടുന്നു. ഞങ്ങളുടെ വിലയിരുത്തൽ ശരിയെങ്കിൽ ഒരു സ്ഥിരബുദ്ധി ഒരിടത്തും കാണാൻ കഴിയുന്നി ല്ലെന്നു കണക്കാക്കാം. അഹങ്കാരം, സ്വാർത്ഥത, ശാഠ്യം എന്നിവ സംരക്ഷിക്കാനും സൂക്ഷിക്കാനുമുള്ള പ്രത്യേക അജണ്ട കൊണ്ടു ആശയക്കുഴപ്പത്തിലായ മനസുകളിൽ നിന്നുള്ള നേതൃത്വം സോഷ്യലിസ ത്തെ മറ പിടിച്ചുകൊണ്ടു ജനങ്ങളുടെ പൂർണ്ണ നിയ ന്ത്രണം ആഗ്രഹിക്കുമ്പോൾ ഓരോരുത്തർക്കും ഈ ദുഷ്ടലോകത്തിൽ നേതൃനിരയിൽ ആകുവാനുള്ള ആഗ്രഹമുള്ളതിനാൽ ഏതെങ്കിലും സഖ്യം രൂപീക രിക്കുവാനുള്ള അവസരത്തെ ഇല്ലാതെയാക്കുന്നു.

1950 കളുടെ അവസാനത്തിൽ ജനറൽ ഡഗ്ലസ് മക് ആർതർ യു.എസിൽ ഇങ്ങനെ വിളംബരം ചെയ്തു: കഴിഞ്ഞ എഴുപതു വർഷത്തിനിടയിൽ നികുതി നിരക്ക് ഒരാൾക്ക് 1.98 ഡോളറിൽ നിന്നു 450 ആയി ഉയർന്നു. "(പുരാതന) റോമിൽ എന്നതുപോലെ, നമ്മുടെ സംസ്കാരം അതിന്റെ കഴിവിനപ്പുറം വളർന്നു കൊണ്ടിരിക്കുന്നു; നാളത്തെ ജീവിതാനന്ദം ഇന്നേ കരസ്ഥമാക്കുവാൻ ശ്രമിച്ചുകൊണ്ട് അതിനായി ജീ വിക്കുന്നു". 2021 ൽ യു.എസിലെ ശരാശരി ശമ്പളമാ യി 60000 ഡോളർ അതിന്റെ 24% നികുതി നിരക്കു നൽകുകയും ചെയ്താൽ ശരാശരി നികുതി 14000 ഡോളർ ആയിരിക്കും. നമ്മുടെ സംസ്കാര വളർച്ച അതിലുപരിയാണ്.

നികുതി ചുമത്തൽ അതിവേഗം അതിന്റെ മൂർദ്ധ

ന്യാവസ്ഥയിൽ എത്തിയിരിക്കുകയാണ്. ലോകരാജ്യങ്ങൾ സ്വയം ആയുധധാരികൾ ആകുകയും കാലഹരണപ്പെട്ട ഉപകരണങ്ങൾ മിനുക്കി എടുക്കുകയും കൂടുതൽ വലിയ വിനാശകരമായ ശേഷിക്കായി പുതിയ ആയുധങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നു. ഇതിനായി ശതകോടികൾ ചെലഴിക്കുന്നത് തുടരുകയും ചെയ്യുന്നു. ആരെങ്കിലും അതിനു പണം നൽകേണ്ടതായുണ്ട്! അങ്ങനെ പല രാജ്യങ്ങളും തങ്ങളുടെ പൗരന്മാർക്കു ഒരു അർദ്ധ-സോഷ്യലിസ്റ്റ് അടിമത്ത വ്യവസ്ഥപ്രകാരം അതിനു വേണ്ടി നികുതി ചുമത്തുന്നു.

മോസ്കോയിൽ, വാഷിങ്ങ്ടൺ അടിച്ചേൽപ്പിച്ച കടുത്ത ഉപരോധങ്ങൾക്കു ബദലായിരിക്കും ഒരു "മൂന്നാം ലോകമഹായുദ്ധം" എന്നു 2022 ജൂണിൽ യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ പറഞ്ഞു. ബ്രിയാൻ കൊവാൻ എന്ന ബ്ലോഗറുമായുള്ള അഭിമുഖത്തിലാണ് അമേരിക്കൻ പ്രസിഡന്റ് ഇതു പറഞ്ഞത്. ഭരണകൂടത്തിലെ നേതാക്കന്മാരുടെ ശണ്ഠ വ്യക്തമാക്കുന്നതിനു വേണ്ടിയാണ് ഇതു ഞങ്ങൾ പറയുന്നത്. ഗവൺമെന്റ് നേതാക്കന്മാരുടെ മാനസികാവസ്ഥ കാണിക്കുന്നതിനു ഈ ഉദ്ധരണി ഞങ്ങൾ ഉപയോഗിക്കുന്നു. കൂടാതെ, ഇത്തരം അനേകം ആദർശവാദങ്ങളുടെ അണിനിരത്തലിലൂടെ സകലരും അരാജകത്വം എന്ന വാക്ക് ഉപയോഗിക്കുന്നതിനുള്ള ലക്ഷണങ്ങൾ ഞങ്ങൾ കാണുന്നു.

യഹോവയുടെ യുഗങ്ങളെക്കുറിച്ചുള്ള നിർണ്ണയത്തിൽ സാത്താന്യ സാമ്രാജ്യത്തിന്റെ നിഷ്കാസനവും ഉൾപ്പെടും. സകല മാനുഷിക കുടുംബത്തിന്റെ മേലും സാത്താന്, ഈ ദുഷ്ടലോകത്തിന്റെ പ്രഭുവും, ദൈവവും, ആകാശശക്തികളുടെ അധികാരിയും, ഭരണാധിപത്യമുള്ളവനുമെന്ന നിലയിൽ ഒരു സാമ്രാജ്യ ആധിപത്യമുണ്ട് (യോഹ. 16:11; 2 കൊരി. 4:4; എഫെ. 2:2; ലൂക്കൊ. 4:6,7). അവൻ അദൃശ്യനായിരുന്നാലും തന്റെ പ്രജകളെ ഇന്നുവരെ നിയന്ത്രിച്ചു നിർത്തിയത് തന്റെ രാജ്യത്തിന്റെ മൂന്നു ഘടകങ്ങൾ വഴിയാണ് (1) വ്യാജമതങ്ങൾ (2) കൊള്ളക്കാരായ പ്രഭുക്കന്മാർ (3) ക്രൂരമായ ഭരണകൂടങ്ങൾ. സാത്താൻ തന്റെ കൗശലത്താൽ അവരെ വഞ്ചിക്കുകയും ഞെരുക്കുകയും ചെയ്തു. പാപത്താൽ അവൻ അവരെ ശാരീരികവും മാനസികവും സാന്മാർഗ്ഗികവും മതപരവുമായി അധഃപതിപ്പിച്ചു. ശാപത്തിൻ കീഴിൽ ഭൂമിയിലെ തിന്മയുടെ അവസ്ഥകളാൽ അവൻ അവരെ പരമ ദാരിദ്ര്യത്തിലാക്കി. തന്റെ വീഴ്ച ഭവിച്ച ദൂതന്മാരാലും ദുഷിച്ച കൂട്ടാളികളാലും അവൻ അവരെ വഴി തെറ്റിച്ചു. മരണാവസ്ഥയാൽ അവൻ അവരെ തകർത്തു, മരണാവസ്ഥയാൽ അവൻ അവരെ നശിപ്പിച്ചു. അടിച്ചമർത്തുന്ന ഭരണകൂടങ്ങളാൽ അവൻ അവരുടെ മേൽ സ്വേച്ഛാധിപത്യം നടത്തി. തിരുവെഴുത്തുകൾ ഏറ്റവും കൃത്യമായി തന്നെ അവനെ ഫറവോന്റെ നിഴലായ പീഡകൻ എന്നു വിളിച്ചിരിക്കുന്നു (സങ്കീ. 72:4; യെശ. 9:4; എബ്രാ. 2:14). എങ്ങനെ ആയാലും അവന്റെ സാമ്രാജ്യത്തിന്റെ നാളുകൾ എണ്ണപ്പെട്ടിരിക്കുന്നു.

മഹാവലിയ കഷ്ടകാലത്താൽ സാത്താന്യ സാമ്രാജ്യം നശിപ്പിക്കപ്പെടുമെന്നു ബൈബിൾ നമുക്കു ഉറപ്പു നൽകുന്നു (രണ്ട് ഘട്ടങ്ങളായി ആരംഭിച്ച ലോക മഹായുദ്ധങ്ങളിലൂടെയും, ഒരുപക്ഷേ ഒരു ലോകവിപ്ലവവും പിന്നെ അതിനെ തുടർന്നു മൂർദ്ധന്യാവസ്ഥയിലെത്തുന്ന ലോകവ്യാപകമായ അരാജകത്വവും വഴി മൂന്നാം ലോകമഹായുദ്ധവും അതിന്റെ പരമകാഷ്ഠയിലെത്തുന്നു); അങ്ങനെ ഇവയെല്ലാം നമ്മുടെ കർത്താവ് തന്റെ രണ്ടാം വരവിനാൽ പൂർത്തീകരിക്കും (യെശ. 35:3,4; വെളി. 11:15,18; 14:4-20; 19:11-21; 16:18,19; 18:8-10,18-21; 17:4,5,16,18; 2 തെസ്സ. 2:8,9; ദാനി. 2:34,35,44,45; 7:9-14,17,26; 12:1; സെഫ. 3:8,9; യോവേ. 2:1-11; 3:9-14).

**തീയുടെ ശേഷം**

"സാവധാനത്തിലുള്ള ഒരു മൃദുസ്വരം"

അപ്പോൾ സകല ജാതികളും യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ച് ഏകമനസോടെ അവനെ സേവിക്കേണ്ടതിനു ഞാൻ അവർക്കു നിർമ്മലമായുള്ള അധരങ്ങളെ വരുത്തും.
സെഫന്യാവ് 3:9

**"മിണ്ടാതിരിക്കുക"**

മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞുകൊൾവിൻ; ഞാൻ ജാതികളുടെ ഇടയിൽ ഉന്നതനാകും, ഞാൻ ഭൂമിയിൽ ഉന്നതനാകും!
സങ്കീർത്തനം 46:10

## ബാബേൽ ഗോപുരം

ഉല്പ. 11:1-9

ഭൂമിയിൽ ഒക്കേയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു. എന്നാൽ അവർ കിഴക്കോട്ടു യാത്ര ചെയ്തു, ശിനാർദേശത്തു ഒരു സമഭൂമി കണ്ടു അവിടെ കൂടിയിരുന്നു. അവർ തമ്മിൽ: വരുവിൻ, നാം ഇഷ്ടിക അറുത്തു ചുടുക എന്നു പറഞ്ഞു. അങ്ങനെ അവർ ഇഷ്ടിക കല്ലായും പശമണ്ണ് കുമ്മായമായും ഉപയോഗിച്ചു. വരുവിൻ, നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുമുണ്ടാക്കുക എന്ന് അവർ പറഞ്ഞു.

മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിനു യഹോവ ഇറങ്ങിവന്നു. അപ്പോൾ യഹോവ: ഇതാ, ജനം ഒന്നു, അവർക്കെല്ലാവർക്കും ഭാഷയും ഒന്നു; ഇതും അവർ ചെയ്തു തുടങ്ങുന്നു; അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാകയില്ല. വരുവിൻ; നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിക്കാൻ അവരുടെ ഭാഷ കലക്കിക്കളക എന്ന് അരുളിച്ചെയ്തു. അങ്ങനെ യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു; അവർ പട്ടണം പണിയുന്നത് വിട്ടുകളഞ്ഞു. സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു കലക്കിക്കളകയാൽ അതിനു ബാബേൽ എന്ന് പേരായി; യഹോവ അവരെ അവിടെനിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചുകളഞ്ഞു.

## അബ്രാമിന്റെ വിളി

ഉല്പ. 11:26-12:15, 17:19; 13:1-18; 14:8-15:18; 16:1,3,15; 17:1 –10, 15:21, 23

ശേമിന്റെ വംശത്തിൽ തേരഹിന്റെ മകനായിരുന്നു അബ്രാം. തേരഹ് അബ്രാമിനെയും നാഹോരിനെയും ജനിപ്പിച്ചു; ഹാരാൻ ലോത്തിനെ ജനിപ്പിച്ചു. എന്നാൽ ഹാരാൻ തന്റെ ജന്മദേശത്തുവച്ചു, കൽദയരുടെ ഒരു പട്ടണമായ ഊരിൽവെച്ചു തന്നെ, തന്റെ അപ്പനായ തേരഹിന് മുമ്പെ മരിച്ചുപോയി. അബ്രാമും നാഹോരും ഭാര്യമാരെ എടുത്തു; അബ്രാമിന്റെ ഭാര്യക്കു സാറായി എന്നും നാഹോരിന്റെ ഭാര്യക്കു മിൽക്കാ എന്നും പേർ. സാറായി മച്ചിയായിരുന്നു; അവൾക്കു സന്തതി ഉണ്ടായിരുന്നില്ല. തേരഹ് തന്റെ മകനായ അബ്രാമിനെയും ഹാരാന്റെ മകനായ തന്റെ പൗത്രൻ ലോത്തിനെയും തന്റെ മകനായ അബ്രാമിന്റെ ഭാര്യയായി മരുമകളായ സാറായിയെയും കൂട്ടി കൽദയരുടെ പട്ടണമായ ഊരിൽനിന്നു കനാൻ ദേശത്തേക്കു പോകുവാൻ പുറപ്പെട്ടു; അവർ ഹാരാൻ വരെ വന്നു അവിടെ പാർത്തു. തേരഹ് ഹാരാനിൽ വെച്ചു മരിച്ചു.

യഹോവ അബ്രാമിനോടു അരുളിചെയ്തതെന്തെന്നാൽ: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

യഹോവ തന്നോട് കല്പിച്ചതുപോലെ അബ്രാം പുറപ്പെട്ടു; ലോത്തും അവനോടുകൂടെപോയി; ഹാരാനിൽനിന്നു പുറപ്പെടുമ്പോൾ അബ്രാമിനു എഴുപത്തഞ്ചു വയസായിരുന്നു. അബ്രാം തന്റെ ഭാര്യയായ സാറായിയെയും സഹോദരന്റെ മകനായ ലോത്തിനെയും തങ്ങൾ ഉണ്ടാക്കിയ സമ്പത്തുകളെയൊക്കെയും തങ്ങൾ ഹാരാനിൽവെച്ചു സമ്പാദിച്ച ആളുകളെയും കൂട്ടിക്കൊണ്ടു കനാൻ ദേശത്തേക്കു പോകുവാൻ പുറപ്പെട്ടു കനാൻ ദേശത്തു എത്തി.

അബ്രാം ശേഖേമെന്ന സ്ഥലം വരെയും ഏലോൻ മോരെവരെയും ദേശത്തുകൂടി സഞ്ചരിച്ചു. അന്ന് കനാന്യർ ദേശത്തു പാർത്തിരുന്നു. യഹോവ അബ്രഹാമിന് പ്രത്യക്ഷനായി: നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്ന് അരുളിച്ചെയ്തു. തനിക്കു പ്രത്യക്ഷനായ യഹോവെക്ക് അവൻ അവിടെ ഒരു യാഗപീഠം പണിതു. അവൻ അവിടെ നിന്ന് ബെഥേലിനു കിഴക്കുള്ള മലെക്കു പുറപ്പെട്ടു; ബെഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവെക്കു ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു. അബ്രാം പിന്നെയും തെക്കോട്ടു യാത്ര ചെയ്തുകൊണ്ടിരുന്നു.

ദേശത്തു ക്ഷാമം ഉണ്ടായി; ദേശത്തു ക്ഷാമം കഠിനമായി തീർന്നതുകൊണ്ടു അബ്രാം മിസ്രയീമിൽ

ചെന്ന് പാർപ്പാൻ അവിടേക്കു പോയി. മിസ്രയീമിൽ എത്തുമാറായപ്പോൾ അവൻ തന്റെ ഭാര്യ സാറായിയോട് പറഞ്ഞത്: ഇതാ, നീ സൗന്ദര്യമുള്ള സ്ത്രീയെന്നു ഞാൻ അറിയുന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ ഇവൾ അവന്റെ ഭാര്യയെന്ന് പറഞ്ഞു എന്നെ കൊല്ലുകയും നിന്നെ ജീവനോടെ രക്ഷിക്കുകയും ചെയ്യും. നീ എന്റെ സഹോദരിയെന്ന് പറയേണം; എന്നാൽ നിന്റെ നിമിത്തം എനിക്ക് നന്മ വരികയും ഞാൻ ജീവിച്ചിരിക്കയും ചെയ്യും.

അങ്ങനെ അബ്രാം മിസ്രയീമിൽ എത്തിയപ്പോൾ സ്ത്രീ അതി സുന്ദരി എന്ന് മിസ്രയീമ്യർ കണ്ടു. സ്ത്രീ ഫറവോന്റെ അരമനയിൽ പോകേണ്ടി വന്നു. അബ്രാമിന്റെ ഭാര്യയായ സാറായിനിമിത്തം യഹോവ ഫറവോനെയും അവന്റെ കുടുംബത്തെയും അത്യന്തം ദണ്ഡിപ്പിച്ചു. അപ്പോൾ ഫറവോൻ അബ്രാമിനെ വിളിച്ചു: നീ എന്നോട് ഈ ചെയ്തത് എന്ത്? അവൾ നിന്റെ ഭാര്യയെന്ന് എന്നെ അറിയിക്കാഞ്ഞത് എന്ത്? അവൾ എന്റെ സഹോദരിയെന്ന് എന്തിനു പറഞ്ഞു? ഞാൻ അവളെ ഭാര്യയിട്ടു എടുപ്പാൻ സംഗതി വന്നു പോയല്ലോ; ഇപ്പോൾ ഇതാ, നിന്റെ ഭാര്യ; അവളെ കൂട്ടിക്കൊണ്ടു പോക എന്ന് പറഞ്ഞു.

ഇങ്ങനെ അബ്രാമും ഭാര്യയും അവനുള്ളതൊക്കെയും അവനോടുകൂടെ ലോത്തും മിസ്രയീമിൽ നിന്ന് പുറപ്പെട്ടു തെക്കേ ദേശത്തു വന്നു. കന്നുകാലി, വെള്ളി, പൊന്നു ഈ വകയിൽ അബ്രാം ബഹുസമ്പന്നനായിരുന്നു. അവൻ തന്റെ യാത്രയിൽ തെക്കുനിന്നു ബെഥേൽ വരെയും ബെഥേലിനും ഹായിക്കും മദ്ധ്യേ തനിക്ക് ആദിയിൽ കൂടാരം ഉണ്ടായിരുന്നതും താൻ ആദിയിൽ ഉണ്ടാക്കിയ യാഗപീഠമിരുന്നതുമായ സ്ഥലംവരെയും ചെന്നു. അവിടെ അബ്രാം യഹോവയുടെ നാമത്തിൽ ആരാധിച്ചു.

### അബ്രാമും ലോത്തും വേർപിരിയുന്നു

അബ്രാമിനോടുകൂടെ വന്ന ലോത്തിനും ആടുമാടുകളും കൂടാരങ്ങളും ഉണ്ടായിരുന്നു. അവർ ഒന്നിച്ചുപാർപ്പാൻ തക്കവണ്ണം ദേശത്തിനു അവരെ വഹിച്ചു കൂടാഞ്ഞു; സമ്പത്തു വളരെ ഉണ്ടായിരുന്നതുകൊണ്ട് അവർക്കു ഒന്നിച്ചു പാർപ്പാൻ കഴിഞ്ഞില്ല. അബ്രാമിന്റെ കന്നുകാലികളുടെ ഇടയന്മാർക്കും ലോത്തിന്റെ കന്നുകാലികളുടെ ഇടയന്മാർക്കും തമ്മിൽ പിണക്കമുണ്ടായി; കനാന്യരും പെരിസ്യരും അന്ന് ദേശത്തു പാർത്തിരുന്നു.

അതുകൊണ്ടു അബ്രാം ലോത്തിനോട്: എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കം ഉണ്ടാകരുതേ; നാം സഹോദരന്മാരല്ലോ? ദേശമെല്ലാം നിന്റെ മുൻപാകെ ഇല്ലയോ? എന്നെ വിട്ടുപിരിഞ്ഞാലും. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് പോയ്ക്കൊള്ളാം എന്ന് പറഞ്ഞു. അപ്പോൾ ലോത്തു നോക്കി, യോർദ്ദാന്നരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതു എന്ന് കണ്ടു; യഹോവ സോദോമിനെയും ഗൊമോരയെയും നശിപ്പിച്ചതിന് മുൻപേ അത് യഹോവയുടെ തോട്ടം പോലെയും സോവർ വരെ മിസ്രയീംദേശം പോലെയും ആയിരുന്നു.

ലോത്തു യോർദാനരികെയുള്ള പ്രദേശം ഒക്കെയും തിരഞ്ഞെടുത്തു; ഇങ്ങനെ ലോത്തു കിഴക്കോട്ടു യാത്രയായി; അവർ തമ്മിൽ പിരിഞ്ഞു. അബ്രാം കനാൻ ദേശത്തു പാർത്തു; ലോത്തു ആ പ്രദേശത്തിലെ പട്ടണങ്ങളിൽ പാർത്തു സൊദോംവരെ കൂടാരം നീക്കി നീക്കി അടിച്ചു. സൊദോംനിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുൻപാകെ മഹാപാപികളും ആയിരുന്നു.

ലോത്ത് അബ്രാമിനെ വിട്ടു പിരിഞ്ഞശേഷം യഹോവ അബ്രഹാമിനോട് അരുളിച്ചെയ്തതു: തലപൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്നു വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും. ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ ആക്കും: ഭൂമിയിലെ പൊടിയെ എണ്ണുവാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണുവാൻ കഴിയും. നീ പുറപ്പെട്ടു ദേശത്തു നെടുകയും കുറുകയും സഞ്ചരിക്ക; ഞാൻ അത് നിനക്ക് തരും. അപ്പോൾ അബ്രാം കൂടാരം നീക്കി ഹെബ്രോനിൽ മമ്രേയുടെ തോപ്പിൽ വന്നു പാർത്തു; അവിടെ യഹോവെക്ക് ഒരു യാഗപീഠം പണിതു.

### രാജാക്കന്മാരുടെ യുദ്ധം

ഇതിനുശേഷം, ചാവുകടലിനരികെയുള്ള സിദ്ദീം താഴ്വരയിൽ ഒരു യുദ്ധം ഉണ്ടായി: നാല് രാജാക്കന്മാർ അഞ്ചുപേരോട് യുദ്ധം ചെയ്തു. ലോത്ത് താമസിച്ചിരുന്ന സോദോമിലെയും ഗൊമോറയിലെയും രാജാക്കന്മാരും അഞ്ചുപേരിൽ ഉൾപ്പെടുന്നു.

അപ്പോൾ സൊദോം രാജാവും ഗൊമോറ രാജാവും ആദ്മാ രാജാവും സെബോയിം രാജാവും സോവർ എന്ന ബേലയിലെ രാജാവും പുറപ്പെട്ടു സിദ്ദീം താഴ്വരയിൽ വെച്ച് ഏലാം രാജാവായ കെദൊർലായോമറോടും അവനോടൊത്തുള്ള രാജാക്കന്മാരുമായും പടനിരത്തി; നാല് രാജാക്കന്മാർ അഞ്ചു രാജാക്കന്മാരുടെ നേരെ തന്നെ.

സിദ്ദീംതാഴ്വരയിൽ കീൽക്കുഴികൾ വളരെ ഉണ്ടാ

യിരുന്നു; സൊദോം രാജാവും ഗൊമോറ രാജാവും ഓടിപ്പോയി അവിടെ വീണു; ശേഷിച്ചവർ പർവ്വതത്തിലേക്കു ഓടിപ്പോയി. സോദോമിലും ഗൊമോറയിലുമുള്ള സമ്പത്തും ഭക്ഷണസാധനങ്ങളും എല്ലാം അവർ എടുത്തുകൊണ്ടുപോയി. അബ്രാമിന്റെ സഹോദരന്റെ മകനായി സോദോമിൽ പാർത്തിരുന്ന ലോത്തിനെയും അവന്റെ സമ്പത്തിനെയും അവർ കൊണ്ടുപോയി.

ഓടിപ്പോന്ന ഒരുത്തൻവന്നു എബ്രായനായ അബ്രാമിനെ അറിയിച്ചു. അവൻ എസ്കോലിന്റെയും ആനേരിന്റെയും സഹോദരനായി അമോര്യനായ മമ്രേയുടെ തോപ്പിൽ പാർത്തിരുന്നു; അവർ അബ്രാമിനോടു സഖ്യത ചെയ്തവർ ആയിരുന്നു. തന്റെ സഹോദരനെ ബദ്ധനാക്കികൊണ്ടു പോയി എന്ന് അബ്രാം കേട്ടപ്പോൾ അവൻ തന്റെ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായ മുന്നൂറ്റിപ്പതിനെട്ടു പേരെ കൂട്ടികൊണ്ടു ദാൻവരെ പിന്തുടർന്നു. രാത്രിയിൽ അവനും അവന്റെ ദാസന്മാരും അവരുടെ നേരെ ഭാഗം ഭാഗമായി പിരിഞ്ഞു ചെന്ന് അവരെ തോൽപ്പിച്ചു ദമ്മേശെക്കിന്റെ ഇടതുഭാഗത്തുള്ള ഹോബാവരെ അവരെ പിന്തുടർന്നു. അവർ സമ്പത്തൊക്കെയും മടക്കി കൊണ്ടുവന്നു; തന്റെ സഹോദരനായ ലോത്തിനെയും അവന്റെ സമ്പത്തിനെയും സ്ത്രീകളെയും ജനത്തെയും കൂടെ മടക്കികൊണ്ടു വന്നു.

അവൻ കേദൊർലായോമെരിനെയും കൂടെയുള്ള രാജാക്കന്മാരെയും തോൽപ്പിച്ചിട്ട് മടങ്ങി വന്നപ്പോൾ സൊദോം രാജാവ് രാജതാഴ്വര എന്ന ശാവേതാഴ്വര വരെ അവനെ എതിരേറ്റു ചെന്നു. ശാലേംരാജാവായ മൽക്കിസെദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അവൻ അവനെ അനുഗ്രഹിച്ചു: സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ; നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏൽപ്പിച്ച അത്യുന്നതനായ ദൈവംസ്തുതിക്കപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. അവനു അബ്രാം സകലത്തിലും ദശാംശം കൊടുത്തു.

സൊദോം രാജാവ് അബ്രാമിനോട് പറഞ്ഞത്: ആളുകളെ എനിക്ക് തരിക; സമ്പത്തു നീ എടുത്തു കൊൾക എന്ന് പറഞ്ഞു. അതിനു അബ്രാം സൊദോം രാജാവിനോട് പറഞ്ഞതു: ഞാൻ അബ്രാമിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പുവാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കയില്ല എന്ന് ഞാൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതദൈവമായ യഹോവയിങ്കലേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നു. ബാല്യക്കാർ ഭക്ഷിച്ചതും എന്നോടുകൂടെ വന്ന ആനേർ, എസ്കോൽ, മമ്രേ എന്ന പുരുഷന്മാരുടെ ഓഹരിയും മാത്രമേ വേണ്ടു; ഇവർ തങ്ങളുടെ ഓഹരി എടുത്തുകൊള്ളട്ടെ.

അതിന്റെ ശേഷം അബ്രാമിന് ദർശനത്തിൽ യഹോവയുടെ അരുളപ്പാടു ഉണ്ടായതെന്തെന്നാൽ: അബ്രാമേ, ഭയപ്പെടേണ്ട; ഞാൻ നിന്റെ പരിചയും നിന്റെ അതി മഹത്തായ പ്രതിഫലവും ആകുന്നു.

അതിനു അബ്രാം: കർത്താവായ യഹോവേ, നീ എനിക്ക് എന്ത് തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദമ്മേശേക്കുകാരനായ ഈ എല്യേസർ അത്രേ എന്ന് പറഞ്ഞു. നീ എനിക്ക് സന്തതിയെ തന്നിട്ടില്ല, എന്റെ വീട്ടിൽ ജനിച്ച ദാസൻ എന്റെ അവകാശിയാകുന്നു എന്നും അബ്രാം പറഞ്ഞു.

അവൻ നിന്റെ അവകാശിയാകയില്ല; നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുന്നവൻ തന്നെ നിന്റെ അവകാശിയാകും എന്നു അവന്നു യഹോവയുടെ അരുളപ്പാടുണ്ടായി. പിന്നെ അവൻ അവനെ പുറത്തു കൊണ്ടുചെന്നു: നീ ആകാശത്തേക്ക് നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്ന് കൽപ്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോടു കൽപ്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവൻ അവനു നീതിയായി കണക്കിട്ടു.

പിന്നെ അവനോടു: ഈ ദേശത്തെ നിനക്ക് അവകാശമായി തരുവാൻ കൽദയപട്ടണമായ ഊരിൽ നിന്നു നിന്നെ കൂട്ടിക്കൊണ്ടുവന്ന യഹോവയായ ഞാൻ ആകുന്നു എന്ന് അരുളിച്ചെയ്തു. കർത്താവായ യഹോവേ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളതു എനിക്കു എന്തൊന്നിനാൽ അറിയാം എന്ന് അവൻ ചോദിച്ചു. അവൻ അവനോടു: നീ മൂന്നു വയസുള്ള ഒരു പശുക്കിടാവിനെയും മൂന്നുവയസുള്ള ഒരു കോലാടിനേയും മൂന്നു വയസുള്ള ഒരു ആട്ടുകൊറ്റനെയും ഒരു കുറുപ്രാവിനെയും ഒരു പ്രാവിൻ കുഞ്ഞിനേയും കൊണ്ടുവരിക എന്ന് കൽപ്പിച്ചു. ഇവയെയൊക്കെയെയും അവൻ കൊണ്ടുവന്നു ഒത്ത നടുവേ പിളർന്നു ഭാഗങ്ങളെ നേർക്കുനേരെ വെച്ചു; പക്ഷികളെയോ അവൻ പിളർന്നില്ല. ഉടലുകളിന്മേൽ റാഞ്ചൻ പക്ഷികൾ ഇറങ്ങി വന്നപ്പോൾ അബ്രാം അവയെ ആട്ടിക്കളഞ്ഞു.

സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിന് ഒരു ഗാഢനിദ്ര വന്നു; ഭീതിയും അന്ധതമസും അവന്റെ

മേൽ വീണു. അപ്പോൾ അവൻ അബ്രാമിനോടു: നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്നു നീ അറിഞ്ഞുകൊൾക. എന്നാൽ അവർ സേവിക്കുന്ന ജാതിയെ ഞാൻ വിധിക്കും; അതിന്റെ ശേഷം അവർ വളരെ സമ്പത്തോടുംകൂടെ പുറപ്പെട്ടുപോരും. നീയോ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോടു ചേരും; നല്ല വാർധക്യത്തിൽ അടക്കപ്പെടും. നാലാം തലമുറക്കാർ ഇവിടേക്ക് മടങ്ങിവരും; അമോര്യരുടെ അക്രമം ഇതുവരെ തികഞ്ഞിട്ടില്ല എന്ന് അരുളിച്ചെയ്തു.

**അബ്രാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം**

സൂര്യൻ അസ്തമിച്ചു ഇരുട്ടായശേഷം ഇതാ, പുകയുന്ന ഒരു തീച്ചൂള; ആ ഭാഗങ്ങളുടെ നടുവെ ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി. അന്ന് യഹോവ അബ്രാമിനോട് ഒരു നിയമം ചെയ്തു: നിന്റെ സന്തതിക്കും ഞാൻ മിസ്രയീം നദി തുടങ്ങി ഫ്രാത്തു നദിയായ മഹാനദിവരെയുള്ള ഈ ദേശത്തെ തന്നിരിക്കുന്നു എന്ന് അരുളിച്ചെയ്തു.

അബ്രാമിന്റെ ഭാര്യയായ സാറായി മക്കളെ പ്രസവിച്ചിരുന്നില്ല; എന്നാൽ അവൾക്കു ഹാഗാർ എന്ന് പേരുള്ള ഒരു മിസ്രയീമ്യ ദാസി ഉണ്ടായിരുന്നു. അബ്രാമിന്റെ ഭാര്യയായ സാറായി മിസ്രയീമ്യദാസിയായ ഹാഗാറിനെ തന്റെ ഭർത്താവായ അബ്രാമിന് ഭാര്യയായി കൊടുത്തു. അങ്ങനെ ഹാഗാർ അബ്രാമിനോരു മകനെ പ്രസവിച്ചു; ഹാഗാർ പ്രസവിച്ച തന്റെ മകനു അബ്രാം യിശ്മായിൽ എന്ന് പേരിട്ടു.

അബ്രാമിന് തൊണ്ണൂറ്റൊമ്പത് വയസായപ്പോൾ യഹോവ അബ്രാമിന് പ്രത്യക്ഷനായി അവനോടു: ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുൻപാകെ നടന്നു നിഷ്കളങ്കനായിരിക്ക. എനിക്കും നിനക്കും മദ്ധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും; നിന്നെ അധികമായി വർധിപ്പിക്കും എന്ന് അരുളിച്ചെയ്തു.

അപ്പോൾ അബ്രാം സാഷ്ടാംഗം വീണു; ദൈവം അവനോടു അരുളിച്ചെയ്തതു എന്തെന്നാൽ: എനിക്ക് നിന്നോട് ഒരു നിയമമുണ്ട്; നീ ബഹുജാതികൾക്കു പിതാവാകും; ഇനി നിന്നെ അബ്രാം എന്നല്ല വിളിക്കേണ്ടത്; ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിയിരിക്കയാൽ നിന്റെ പേർ അബ്രഹാം എന്നിരിക്കേണം. ഞാൻ നിന്നെ അധികമായി വർധിപ്പിച്ചു, അനേകജാതികളാക്കും; നിന്നിൽ നിന്ന് രാജാക്കന്മാരും ഉത്ഭവിക്കും. ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിനു ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും. ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും നീ പ്രവാസം ചെയ്യുന്ന ദേശമായ കനാൻ ദേശമൊക്കെയും ശാശ്വതാവകാശമായി തരും; ഞാൻ അവർക്കു ദൈവമായുമിരിക്കും.

ദൈവം പിന്നെയും അബ്രാഹാമിനോട് അരുളിച്ചെയ്തതു: നീയും നിന്റെശേഷം തലമുറതലമുറയായി നിന്റെ സന്തതിയും എന്റെ നിയമം പ്രമാണിക്കേണം. എനിക്കും നിങ്ങൾക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും മദ്ധ്യേയുള്ളതും നിങ്ങൾ പ്രമാണിക്കേണ്ടതുമായ എന്റെ നിയമം ആവിതു: നിങ്ങളിൽ പുരുഷപ്രജയൊക്കെയും പരിച്ഛേദന ഏൽക്കേണം.

ദൈവം പിന്നെയും അബ്രാഹാമിനോട്: നിന്റെ ഭാര്യയായ സാറായിയെ സാറായി എന്നല്ല വിളിക്കേണ്ടത്; അവളുടെ പേര് സാറാ എന്ന് ഇരിക്കേണം. ഞാൻ അവളെ അനുഗ്രഹിച്ചു അവളിൽനിന്നു നിനക്കൊരു മകനെത്തരും; ഞാൻ അവളെ അനുഗ്രഹിക്കുകയും അവൾ ജാതികൾക്കു മാതാവായി തീരുകയും ജാതികളുടെ രാജാക്കന്മാർ അവളിൽനിന്നു ഉത്ഭവിക്കുകയും ചെയ്യുമെന്ന് അരുളിച്ചെയ്തു.

അപ്പോൾ അബ്രഹാം കവിണ്ണുവീണു ചിരിച്ചു: നൂറു വയസുള്ളവനു മകൻ ജനിക്കുമോ? തൊണ്ണൂറു വയസുള്ള സാറാ പ്രസവിക്കുമോ? എന്ന് തന്റെ ഹൃദയത്തിൽ പറഞ്ഞു. യിശ്മായേൽ നിന്റെ മുൻപാകെ ജീവിച്ചിരുന്നാൽ മതി എന്ന് അബ്രാഹാം ദൈവത്തോട് പറഞ്ഞു.

അതിനു ദൈവം അരുളിച്ചെയ്തതു: അല്ല, നിന്റെ ഭാര്യയായ സാറാ തന്നെ നിനക്കൊരു മകനെ പ്രസവിക്കും; നീ അവനു യിസ്ഹാക്ക് എന്ന് പേരിടേണം; ഞാൻ അവനോടും അവന്റെ ശേഷം അവന്റെ സന്തതിയോടും എന്റെ നിയമത്തെ നിത്യമായി ഉറപ്പിക്കും. യിശ്മായേലിനെക്കുറിച്ചും ഞാൻ നിന്റെ അപേക്ഷ കേട്ടിരിക്കുന്നു; ഞാൻ അവനെ അനുഗ്രഹിച്ചു അത്യന്തം സന്താനപുഷ്ടിയുള്ളവനാക്കി വർദ്ധിപ്പിക്കും. അവൻ പന്ത്രണ്ടു പ്രഭുക്കന്മാരെ ജനിപ്പിക്കും; ഞാൻ അവനെ വലിയൊരു ജാതിയാക്കും. എന്റെ നിയമം ഞാൻ ഉറപ്പിക്കുന്നതോ, ഇനിയത്തെ ആണ്ടു ഈ സമയത്തു സാറാ നിനക്കു പ്രസവിപ്പാനുള്ള യിസ്ഹാക്കിനോട് ആകുന്നു.

അനന്തരം അബ്രാഹാം തന്റെ മകനായ യിശ്മായേലിനെയും തന്റെ വീട്ടിലുള്ള സകല പുരുഷന്മാരെയും കൂട്ടി ദൈവം തന്നോട് കല്പിച്ചതുപോലെ അവരുടെ അഗ്രചർമ്മത്തെ അന്നുതന്നെ പരിച്ഛേദന കഴിച്ചു.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

## ചരമ അറിയിപ്പ്



LHMM പിറവം സഭാംഗവും എൽഡറുമായിരുന്ന ഇല്ലിക്കമുക്കട ചേന്ദംപിള്ളിൽ സഹോദരൻ റോയി സി.ഒ. (58 വയസ്സ്) 2023 ആഗസ്റ്റ് മാസം 1-ാം തീയതി ചൊവ്വാഴ്ച അന്തരിച്ചു. LHMM പിറവം സഭയുടെ നേതൃത്വത്തിൽ 2-ാം തീയതി ബുധനാഴ്ച സംസ്കാരം നടത്തി. മരണപര്യന്തം സത്യത്തോടും അതിന്റെ ക്രമീകരണങ്ങളോടും ചേർന്ന് വിശ്വസ്തതയോടെ ഉറച്ചുനിന്ന ഞങ്ങളുടെ പ്രിയ സഹോദരന്റെ മരണത്തിലുള്ള ഞങ്ങളുടെ അനുശോചനവും ദുഃഖവും അറിയിക്കുന്നു.

"നീതിമാന്റെ ഓർമ്മ എന്നേക്കും നിലനില്ക്കും" (സങ്കീ: 112:6) എന്നും "തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു" (സങ്കീ. 116:15) എന്നുമുള്ള വേദവചനങ്ങളുടെ അടിസ്ഥാനത്തിൽ "പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുത്" എന്ന വചനത്താൽ നമുക്ക് ആശ്വസിക്കാം. എന്തെന്നാൽ സമീപ ഭാവിയിൽ ഭൂമിയിൽ സ്ഥാപിക്കപ്പെടുവാനുള്ള ദൈവരാജ്യത്തിൽ അനുഗ്രഹകരമായ ഒരു അവകാശം പ്രാപിക്കുന്നതിന് വേണ്ടി സഹോദരൻ "കല്ലറയിൽനിന്ന് കർത്താവിന്റെ ശബ്ദം കേട്ട് ഉയിർത്തെഴുന്നേറ്റുവരും" എന്നതിനാൽ നമുക്ക് ആശ്വസിക്കാം.

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**